കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുക്കം നഗരസഭ ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് കോഴിക്കോട്

ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി.14/2286/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.

ഫോൺ -0495 2371012

ഇ-മെയിൽ – dokkd.ksad@kerala.gov.in

തീയതി.21.11.2018

ജോയിന്റ് ഡയറക്ടർ

ചെയർമാൻ ( സെക്രട്ടറി മുഖേന)

മുക്കം നഗരസഭ

സർ,

വിഷയം : മുക്കം നഗരസഭ-2017-18 സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുക്കം നഗരസഭയുടെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് . (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

3)നഗര കാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

4)നഗര കാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ,കോഴിക്കോട്.
5)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.14/2286/18 തിയ്യതി 21.11.2018

# കോഴിക്കോട് ജില്ലയിലെ മുക്കം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മുക്കം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.4.2017 മുതൽ 31.3.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ | ശ്രീ.പി.ഉണ്ണിക്കൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ തിയ്യതി | 13.9.2018 മുതൽ 29.9.18 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.ബാലസുബ്രഹ്മണ്യൻ.എ.കെ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.പി.ഉണ്ണിക്കൃഷ്ണൻ | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ഷൈനി.പി | അസി. ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ജിഷ.പി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ചെയർമാൻ | ശ്രീ.വി കുഞ്ഞൻ മാസ്റ്റർ | 1-04-2017മുതൽ31-03-2018വരെ |
| സെക്രട്ടറി | ശ്രീ.എൻ.കെ.ഹരീഷ് | 1-04-2017മുതൽ 31-03-2018വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീമതി.റസീന.എൻ.പി | 1-04-2017 മുതൽ 23-10-2017വരെ |
| | ശ്രീമതി.ധന്യ.സി.ആർ | 23-10-2017 മുതൽ 31.3.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സ്മിത.ഇ | 1-04-2017മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സത്യവതി | 1-04-2017മുതൽ 31-03-2018വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സനിൽകുമാർ | 1-04-2017മുതൽ 31-03-2018വരെ |
| വെറ്ററിനറി സർജൻ | ഡോ.വേലായുധകുമാർ | 1-04-2017 മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മൃദുല ഗോപിനാഥ് | 1-04-2017 മുതൽ 31-03-2018വരെ |
| പ്രിൻസിപ്പാൾ, HSS | ശ്രീമതി.റസിയ | 1-04-2017 മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.കെ.ആലിക്കുട്ടി | 1-04-2017 മുതൽ 31-03-2018വരെ |
| കൃഷി ഓഫീസർ | ശ്രീ. മോഹൻദാസൻ.കെ | 1-04-2017 മുതൽ 30.9.17വരെ |
| | ഡോ.പ്രിയ മോഹൻ | 1.10.17 മുതൽ 31.3.18 വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ബി.വി.മുഹമ്മദ് നയിം | 1.4.2017 മുതൽ 31.3.2018വരെ |

| | | |
|---|---|---|
| പ്രോജക്ട് ഓഫീസർ, പിഎയു | ശ്രീമതി.ഇന്ദിര.കെ(സൂപ്രണ്ട്) | 01.04.2017 മുതൽ 21.6.2017 വരെ |
| | ശ്രീ. രാജേഷ്.എ(ആർഐ) | 22.6.2017 മുതൽ 21.12.2017 വരെ |
| | ശ്രീ.സതീഷ്.എസ്(എച്ച്.ഐ) | 22.12.2017 മുതൽ 31.3.2018 വരെ |
| ഹെൽത്ത് ഇൻസ്‌പെക്ടർ | ശ്രീ. സുരേഷ് ബാബു | 1-04-2017 മുതൽ 27.10.17വരെ |
| | ശ്രീ. മധുസൂദനൻ | 28-10-2017 മുതൽ 31-03-2018വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | ഖണ്ഡിക | പേജ് നമ്പർ |
|---|---|---|---|
| ഭാഗം-1<br>പൊതു അവലോകനം | | | |
| 1 | 1-1 | ബജറ്റ് | |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക | |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | |
| 4 | 1-4 | സാമ്പത്തിക വിശകലനം | |
| 5 | 1-5 | ഫണ്ട് വിനിയോഗം | |
| 6 | 1-6 | പദ്ധതി അവലോകനം. | |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി | |
| 8 | 1-8 | ക്ഷേമപദ്ധതികൾ | |
| 9 | 1-9 | കാഷ് പരിശോധന | |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം | |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ | |
| ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | 2-1 | വസ്തുനികുതിനിർണ്ണയിച്ചതിലെ അപാകത – നഗരസഭയ്ക്ക് | |

| | | | |
|---|---|---|---|
| | | വൻ നഷ്ടം | |
| 14 | 2-2 | വസ്തുനികുതി - പൊതു അപാകതകൾ | |
| 15 | 2-3 | തൊഴിൽ നികുതി - അപാകതകൾ | |
| 16 | 2-4 | ഷോപ്പിംഗ് കോംപ്ലക്സ് വാടക- അപാകതകൾ | |
| 17 | 2-5 | ഡി &ഒ ലൈസൻസ് - അപാകതകൾ | |
| 18 | 2-6 | പുതിയ ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ - ലേലതുക പൂർണ്ണമായും ഈടാക്കിയില്ല. | |
| ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 19 | 3-1 | പദ്ധതി ആസൂത്രണം - നിർവ്വഹണം വിലയിരുത്തൽ | |
| 20 | 3-2 | ഇ എം എസ് ഹാൾ അറ്റകുറ്റപ്പണി- അപാകതകൾ പരിഹരിക്കാതെ മുഴുവൻ തുകയും നൽകി. | |
| 21 | 3-3 | വെണ്ണക്കോട് ആയുർവേദ ഡിസ്പെൻസറി അറ്റകുറ്റപ്പണി - അധിക നിരക്ക് രേഖപ്പെടുത്തി തുക അനുവദിച്ചു. | |
| 22 | 3-4 | ഗുണഭോക്തൃസമിതി നിർമ്മാണ പ്രവൃത്തി മാർഗരേഖ പാലിക്കുന്നില്ല. | |
| 23 | 3-5 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല. | |
| 24 | 3-6 | പശു കിടാരി വളർത്തൽ - ഗ്രാമസഭാ മുൻഗണന പ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നില്ല. | |
| 25 | 3-7 | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി ധനസഹായം നൽകി | |
| 26 | 3-8 | പ്രോജക്റ്റ് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് പ്രോജക്റ്റ് നടപ്പാക്കി - | |
| 27 | 3-9 | കാഴ്ചശക്തി കുറഞ്ഞയാൾക്ക് മുച്ചക്രവാഹനം | |
| 28 | 3-10 | സ്വാപ്പ് ഷോപ്പ് - ലക്ഷ്യം നേടാത്ത പ്രോജക്റ്റ് | |

| | | | |
|---|---|---|---|
| 29 | 3-11 | പട്ടിക ജാതിക്കാർക്ക് വാട്ടർ ടാങ്ക്- പ്രോജക്റ്റിലെ അപാകതകൾ | |
| 30 | 3-12 | കേരളോത്സവം- ചെക്ക് നല്കാതെ ഫയലിൽ സൂക്ഷിക്കുന്നു | |
| 31 | 3-13 | ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | |
| 32 | 3-14 | പിഎംഎവൈ - ഭവന നിർമ്മാണത്തിന് പല പ്രോജക്ടുകൾ - തുക ചെലവഴിച്ചതിന് രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | |
| 33 | 3-15 | വാങ്ങൽ നടപടിക്രമങ്ങളിലെ അപാകം | |
| 34 | 3-16 | കുഴൽ കിണറിന് ഡെപ്പോസിറ്റ് പ്രോജക്ടില്ല – ഡെപ്പോസിറ്റ് ഹെഡിലുൾപ്പെടുത്താതെ നേരിട്ട് പണം നല്കി | |
| 35 | 3-17 | അംഗൻവാടി നിർമ്മാണത്തിന് ഡെപ്പോസിറ്റ് - നടപടികൾ പൂർണ്ണമാക്കിയില്ല | |
| 36 | 3-18 | ജീവനക്കാരുടെ ആദായനികുതി റിട്ടേൺ - ഇളവുകൾക്ക് ഒറിജിനൽ രേഖകൾ വാങ്ങിയില്ല | |
| 37 | 3-19 | വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - കോഴ്സ് സർട്ടിഫിക്കറ്റും മറ്റ് രേഖകളുമില്ല | |
| 38 | 3-20 | ഇ.എം.ഡി ആയി ലഭിച്ച ഡി.ഡി പണമാക്കാതെ സൂക്ഷിക്കുന്നു | |
| 39 | 3-21 | ഔഷധിക്കു നല്കിയ മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല. | |
| 40 | 3-22 | എസ്എസ്എ വിഹിതം - എസ്എസ്എയുടെ പ്രോജക്ട് ലഭ്യമാക്കാതെ തുക നല്കി | |
| 41 | 3-23 | അഗതി ആശ്രയ ഫണ്ട് പദ്ധതിക്ക് കൈമാറാതെ മുനിസിപ്പൽ ഫണ്ടിൽ സൂക്ഷിക്കുന്നു. | |

ഭാഗം-4
പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

| | | | |
|---|---|---|---|
| 42 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | |
| 43 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |
| 44 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 45 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് | |
| 46 | 4-5 | സ്ഥിരനിക്ഷേപങ്ങൾ | |
| 47 | 4-6 | ഓഡിറ്റ് റിക്കവറി | |
| 48 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | |
| 49 | 4-8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | |
| 50 | 4-9 | ഓഡിറ്റ് പ്രത്യവലോകനം | |
| 51 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | |
| 52 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

30.3.17 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 28.3.18 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 19.7.18 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 4.9.2018, 5.9.18 | കെ.എസ്.എ.കെ.കെ.ഡി. ഇ2/1111/18(87) തി. 11.09.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 41861388 |
| വരവ് | 203973026 |
| ആകെ | 245834414 |
| ചെലവ് | 199686961 |
| നീക്കിയിരിപ്പ് | 46147453 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 26736000 | 26736000 | 26602750 | 1332143 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 13132000 | 13132000 | 13132000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 95116 | 95116 | 94037 | 1079 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 14969816 | 14969816 | 14950115 | 19701 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4004349 | 4004349 | 4001285 | 3064 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 11816519 | 11816519 | 6162752 | 5653767 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 423781 | 423781 | 211311 | 212470 |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | | | | | |
| ദുരിതാശ്വാസനിധി | | 4303 | 194 | 4497 | 0 | 4497 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | തൊഴിലാളികളുടെ കൂലി+മെറ്റീരിയൽ | 3089975 | 6433906 | 9523881 | 8600166 | 446337 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | 477378 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | ഇല്ല | | | | |
| | ജില്ലാ പഞ്ചായത്ത് | | | | | |
| ബി ഫണ്ട് | | | 55137360 | 55137360 | 55137360 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 13249295 | 13249295 | 15897828 | (-)2648533 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | | | | | |
| | ട്രഷറി അക്കൗണ്ട് | | | | | |
| മറ്റിനം | | | | | | |

തനത് ഫണ്ട് , സെൻട്രൽ ഫണ്ടുകൾ എന്നിവയുടെ എ.സി.ആറുകൾ എഴുതി സൂക്ഷിക്കാത്തതിനാൽ ഇനം തിരിച്ച കണക്ക് ലഭിച്ചിട്ടില്ല. മറ്റ് കണക്കുകൾക്ക് വാർഷിക കണക്കുമായുള്ള വ്യത്യാസം വാർഷിക കണക്കുകളുടെ അപാകതയിൽ വിശദീകരിച്ചിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 404 | 196333770 | 147 | 82075762 | 51 | 206 | 36.38% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3089975 | 60682 പലിശ | 3150657 | 477378 | 446337 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 6373224 | 6373224 | 8600166 | |
| | 3089975 | 6433906 | 9523881 | 9077544 | |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 112560 | 263 |
| കർഷകതൊഴിലാളി പെൻഷൻ | 9854500 | 953 |
| വിധവാപെൻഷൻ | 17794200 | 1464 |
| വാർദ്ധക്യകാലപെൻഷൻ | 21135000 | 1392 |
| വികലാംഗപെൻഷൻ | 5056300 | 452 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത | 1184800 | 103 |

| | | |
|---|---|---|
| പെൻഷൻ | | |
| വിവാഹധനസഹായം | 120000 | 4 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.9.2018ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 135864/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

(1)ചെക്കുകൾ നല്കിക്കഴിഞ്ഞാൽ ആയത് പണമാക്കുന്നത് വരെ നിരീക്ഷിക്കുകയോ നിശ്ചിത കാലാവധിക്കു ശേഷം സ്റ്റേൽ ചെക്ക് വിഭാഗത്തിൽപ്പെടുത്തുകയോ ചെയ്യുന്നില്ല

(2)നഗരസഭയിലെ ബാങ്ക് അക്കൗണ്ടുകളുടെ ലിസ്റ്റിങ്ങ് നടത്തിയിട്ടില്ല.

(3) ഐസിഡിഎസ്, എസ്എസ്എ പോലുള്ള ഫണ്ടുകളുടെ വരവ് ആയതിനായുള്ള അക്കൗണ്ടുകളിലൂടെയാണോ എന്ന് ഉറപ്പു വരുത്തുന്നില്ല

(4)ചെക്ക് ആൻഡ് ഡ്രാഫ്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വരുന്ന ചെക്കുകൾ ഏത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നു എന്നോ എന്ന് പണമാക്കുന്നു എന്നോ രേഖപ്പെടുത്തുന്നില്ല

(5)കാഷ് കലക്ഷൻ റൂമിന് മതിയായ സുരക്ഷ ഉറപ്പു വരുത്തിയിട്ടില്ല.

(6)പ്രോക്യൂർമെന്റ് ചട്ടങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ഒരു വർഷത്തെ ആവശ്യങ്ങൾ മുൻകൂട്ടി നിർണയിച്ച് പ്രോക്യൂർമെന്റ് പ്ലാൻ പ്രോക്യൂർമെന്റ് ബഡ്ജറ്റ് എന്നിവ ഉണ്ടാക്കിയിട്ടില്ല. വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ വ്യത്യസ്ത വാങ്ങൽ രീതികൾ അവലംബിക്കുന്ന രീതിയാണുള്ളത്. പല വാങ്ങലുകളും പ്രോക്യൂർമെന്റ് കമ്മറ്റി വിലയിരുത്തുകയോ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്യുന്നില്ല.

(7)സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങുന്ന ഇനങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തി വീണ്ടും അതേയിനം വാങ്ങുമ്പോൾ കൂട്ടിച്ചേർത്ത് കൃത്യമായി എണ്ണം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഫർണിച്ചറുകൾ കമ്പ്യൂട്ടറുകൾ പോലുള്ള ആസ്തികൾ വാർഷിക കണക്കെടുപ്പ് നടത്താത്തിനാൽ നിലവിലുള്ള ആസ്തി വിവരം ലഭ്യമല്ല.

(8)നിഷ്ക്രിയമായതും പഴകി ഉപയോഗശൂന്യമായതുമായ ആസ്തികൾ കണ്ടുപിടിക്കുന്നതിനും ആയവ യഥാവിധി ഡിസ്പോസ് ചെയ്യുന്നതിനും നടപടികളെടുത്തിട്ടില്ല. ആസ്തികൾ നഷ്ടപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികളോ സ്റ്റാന്റിംഗ് കമ്മറ്റികളിൽ ആയത് ചർച്ച ചെയ്തതായോ രേഖകളില്ല.

(9) മൂവബിൾ ഇമ്മൂവബിൾ ആസ്തികൾക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ആയതു കൊണ്ട് തന്നെ ഭക്ഷ്യ സുരക്ഷാ വകുപ്പിന് വാടകയ്ക്ക് നൽകിയ കെട്ടിടത്തിൽ നിന്നും ആ വകുപ്പിന്റെ ഫർണിച്ചറുകൾ നഗരസഭയിൽ കൊണ്ടു വന്ന് ഉപയോഗപ്പെടുത്താനും പിന്നീട് കേസ് വരുമെന്നായപ്പോൾ തിരിച്ചു കൊടുക്കേണ്ടതായും വന്നു. ഇത്തരത്തിൽ നഗരസഭയുടെതായ ഫർണിച്ചറുകളും മറ്റ് ജംഗമ വസ്തുക്കളും നഷ്ടപ്പെടുന്നില്ല എന്നുറപ്പു വരുത്താൻ ഒരു നടപടികളും സ്വീകരിച്ചിട്ടില്ല

(10) പൗരാവകാശ രേഖ പുതുക്കിയിട്ടില്ല

(11). വളരെ അലക്ഷ്യമായാണ് പെയ്മെന്റ് വൗച്ചറുകൾ സൂക്ഷിക്കുന്നത്. പല രേഖകളും വേറിട്ട നിലയിലാണ്. ആയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധനയ്ക്ക് വിധേയമാക്കിയതായോ പല വൗച്ചറുകൾക്കും ചെയർമാന്റെ ഓതറൈസേഷൻ ലഭിച്ചതായോ കാണുന്നില്ല.

(12). നഗരസഭാ കാര്യാലയത്തിനു പുറത്തുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവു രേഖകൾ ഒരുവിധം കൃത്യമായി സൂക്ഷിക്കുന്നുണ്ടെങ്കിലും കാര്യാലയത്തിനുള്ളിലെ സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ, റവന്യൂ വിഭാഗം , പിഎയു പ്രോജക്ട് ഓഫീസർ എന്നിവരുടെ ഫയൽ സൂക്ഷിപ്പ് പരിതാപകരമാണ്. ഇക്കാര്യത്തിൽ പരിശോധനകൾ നടത്തി കാര്യങ്ങൾ യഥാവിധി നടക്കുന്നുവെന്നുറപ്പു വരുത്താൻ സംവിധാനമില്ല

(13). ജീവനക്കാരുടെ ഹാജർ കൃത്യമായി നിരീക്ഷിക്കുന്നില്ല. 2017 ഹാജർ പുസ്തകത്തിൽ ചില ഉദ്യോഗസ്ഥർ അവധി അപേക്ഷ നൽകാതെ അനധികൃതമായി ജോലിക്ക് ഹാജരാകാത്തതായി കണ്ടു. (ഉദാ – ശ്രീമതി കെ ഇന്ദിര സൂപ്രണ്ട് 31.8.17, 29.10.17 തിയ്യതികളിൽ, ശ്രീ.രാജേഷ് റെവന്യൂ ഇൻസ്പെക്ടർ 21.3.17, 25.3.17, 15.5.17) കൂടാതെ ശ്രീ രാജേഷിന് അനുവദനീയമായ 20 ആകസ്മികാവധികളിൽ കൂടുതൽ അനുവദിച്ചതായും ചില കോളങ്ങളിൽ അവധി രേഖപ്പെടുത്തിയതിന് മുകളിൽ ഹാജർ രേഖപ്പെടുത്തിയതായും കണ്ടു)

മേൽക്കാര്യങ്ങൾ പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്;

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നഗര കാര്യ വകുപ്പ് പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധന നാളിതു വരെ നടന്നിട്ടില്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.6.17 – 17.7.2017 | 2012-13 2016-17 | LBA/HQ111 /11/8A2657/96 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-

ബി ഫണ്ടിനത്തിൽ ലഭിച്ച സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം 60000 രൂപ വരവും ചെലവും ബിൽ ബുക്ക് പ്രകാരം പിൻവലിച്ച ഓർഫനേജ് ഗ്രാന്റിനത്തിലെ 870940/- രൂപ എന്നിവയും വാർഷിക കണക്കിൽ വന്നിട്ടില്ല

ചെക്ക് ആൻഡ് ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം ആശ്രയ പദ്ധതിക്കു വേണ്ടി 16.11.17 ൽ 2944327 ചെക്കായി ലഭിച്ച 497740 രൂപ, ജില്ലാ ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 292875 രൂപ എന്നിവ വാർഷിക കണക്കിൽ വരവായി ചേർത്തിട്ടില്ല.

വൗച്ചറുകൾ ക്രമനമ്പരിട്ട് കൃത്യമായി സൂക്ഷിക്കുന്നില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതിനിർണ്ണയിച്ചതിലെ അപാകത – നഗരസഭയ്ക്ക് വൻ നഷ്ടം

വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി സഞ്ചയയിൽ ഡാറ്റാ എൻട്രി വരുത്തിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചത് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ഹോസ്റ്റൽ കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു.

ശ്രീ. ഇബ്രാഹിം നടമ്മൽ എന്നയാളുടെ ഉടമസ്ഥതയിലുള്ളതും 2015-16 രണ്ടാം അർദ്ധവർഷത്തിൽ നമ്പർ നൽകിയതുമായ 14/451C, 14/451D എന്നീ കെട്ടിടങ്ങളുടെ ഉപയോഗക്രമം 'ലോഡ്ജിൽ' നിന്നും 'ഹോസ്റ്റൽ' എന്നതിലേക്ക് മാറ്റുന്നതിനും അടിസ്ഥാനവസ്തുനികുതി 30 രൂപയിൽ നിന്നും 4 രൂപയാക്കുന്നതിനും (ഗ്രാമപഞ്ചായത്തായിരുന്നപ്പോഴുള്ള നിരക്ക്) 24.8.17ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.(തീരുമാനം നം. 6/17, 6(1)/17). റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തീരുമാനമെടുത്തത്. മുക്കം ഗ്രാമപഞ്ചായത്ത് 1.10.15 മുതൽ നഗരസഭയായി മാറിയപ്പോൾ, നഗരസഭയിൽ ബാധകമായ പുതിയ വസ്തുനികുതി നിരക്കുകൾ സംബന്ധിച്ച് 1.8.2016ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം സ്വകാര്യ ഹോസ്റ്റലുകൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 80 രൂപയാണ്. ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ 24.02.2015 ലെ സ.ഉ. (അ) 36/15 തസ്വഭവ. നം. ഉത്തരവ് പ്രകാരം പാർപ്പിടാവശ്യത്തിന്റെ ഉപവിഭാഗമായി സ്വകാര്യ ഹോസ്റ്റലുകൾക്ക് ബാധകമായ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നഗരസഭയുടെ കാര്യത്തിൽ നിരക്ക് ഭേദഗതി ചെയ്ത ഉത്തരവ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽകെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്ക് ബാധകമായ അടിസ്ഥാനവസ്തുനികുതിയായ 10 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ താഴെ പറയും പ്രകാരമുള്ള നഷ്ടമുണ്ടായിട്ടുണ്ട്.

| ക്രമ നം | വാർഡ്, വീട്ട് നം | കെട്ടിടത്തിന്റ വിസ്തീർണ്ണം- ച. മീറ്ററിൽ | സഞ്ചയ പ്രകാരം പുതുക്കി ഈടാക്കിയ നികുതി | യഥാർത്ഥത്തിൽ ഈടാക്കേണ്ട നികുതി |
|---|---|---|---|---|
| 1 | 14/451 C<br>ദ്വിതീയ മേഖല | GF– 301.95<br>FF – 336.08<br>SF – 17<br>Total – 655.03 | 655.03x10 = 6550.3<br>കിഴിവ് -10%= 655<br>5896 | GF– 301.95x80 =24156<br>കിഴിവ് -10% = 2415.6<br>21740.4<br>FF – 336.08x80 =26886.4<br>കിഴിവ് -10% = 2688.6<br>24197.8<br>കിഴിവ് -5% = 1209.89<br>22987.91 |

| | | | | |
|---|---|---|---|---|
| | | | | SF – 17x80 = 1360<br>കിഴിവ് -10% = 136<br>1224<br>കിഴിവ് -5% = 61.2<br>1162.8<br>ആകെ = 45891+LC 2295 |
| 2 | 14/451 D<br>ദ്വിതീയ മേഖല | GF– 301.95<br>FF – 336.08<br>SF – 17<br>Total – 655.03 | 655.03x10 = 6550.3<br>കിഴിവ് -10%= 655<br>5896 | GF– 301.95x80 =24156<br>കിഴിവ് -10% = 2415.6<br>21740.4<br>FF – 336.08x80 =26886.4<br>കിഴിവ് -10% = 2688.6<br>24197.8<br>കിഴിവ് -5% = 1209.89<br>22987.91<br>SF – 17x80 = 1360<br>കിഴിവ് -10% = 136<br>1224<br>കിഴിവ് -5% = 61.2<br>1162.8<br>ആകെ = 45891+LC 2295 |

മേൽ കെട്ടിടങ്ങൾക്ക് പുറമെ ഹോസ്റ്റൽ ആവശ്യത്തിന് കെട്ടിടനമ്പർ നൽകിയ എല്ലാ കെട്ടിടങ്ങൾക്കും പാർപ്പിടാവശ്യത്തിനുള്ള നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ആയത് പുനഃനിർണ്ണയിക്കേണ്ടതാണ്.

2.<u>സ്റ്റാർ ഹോട്ടലിന് ലോഡ്ജ് ആവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു.</u>

ശ്രീ. തോമസ് ജോസഫ്, ചെയർമാൻ & മാനേജിംഗ്ഡയരക്ടർ,ഹോട്ടൽ മലയോരം ഗേറ്റ് വേ എന്നയാളുടെ ഉടമസ്ഥതയിലുള്ള സ്റ്റാർ ഹോട്ടലിന് 2011-12 വർഷത്തിൽ 1/1680A1 മുതൽ 1/1680A24 വരെയുള്ള നമ്പറുകൾ നൽകിയിട്ടുണ്ട്. 2328.85ച.മീ. തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് ബാധകമായ അടിസ്ഥാനവസ്തുനികുതി നിരക്ക് 85രൂപയാണ്. (100ച.മീറ്ററിന് മുകളിലുള്ള ഹോട്ടൽ കെട്ടിടം). എന്നാൽ സഞ്ചയയിൽ മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം 'ലോഡ്ജ്' ആയി രേഖപ്പെടുത്തി 50രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചത്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വാർഡ്, വീട്ട് നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം-ച. മീറ്ററിൽ | സഞ്ചയ പ്രകാരം പുതുക്കി ഈടാക്കിയ നികുതി | യഥാർത്ഥത്തിൽ ഈടാക്കേണ്ട നികുതി |
|---|---|---|---|---|
| 1 | 1/1680 A1<br>പ്രഥമ മേഖല, 5മീ കൂടുതൽ വീതിയുള്ള റോഡ്<br>തറനില | 322 ച.മീ | 322x50 = 16100<br>വർദ്ധനവ് -<br>വഴി- 20% = 3220<br>AC - 10% = 1610<br>20930 | 322x85 = 27370<br>വർദ്ധനവ് -<br>വഴി- 20% = 5474<br>AC - 10% = 2737<br>തറ - 15% = 4106<br>39687 |
| 2 | 1/1680 A2<br>പ്രഥമ മേഖല, 5മീ കൂടുതൽ വീതിയുള്ള റോഡ്<br>തറനില | 322 ച.മീ | 20930 | 39687 |
| 3 | 1/1680 A3<br>പ്രഥമ മേഖല, 5മീ കൂടുതൽ വീതിയുള്ള റോഡ്, ഒന്നാം നില | 182 ച.മീ | 182x50 = 9100<br>വർദ്ധനവ് -<br>വഴി- 20% = 1820<br>AC - 10% = 910 | 182x85 = 15470<br>വർദ്ധനവ് -<br>വഴി- 20% = |

| | | | | |
|---|---|---|---|---|
| | | | 11830 | 3094<br>AC - 10% = 1547<br>തറ - 15% = 2321<br>22432<br>കിഴിവ് -<br>ഒന്നാം നില -5%=1122<br>21310 |
| 4 | 1/1680 A4<br>പ്രഥമ മേഖല, 5മീ കൂടുതൽ വീതിയുള്ള റോഡ്, ഒന്നാം നില | 182 ച.മീ | 11830 | 21310 |
| 5 | 1/1680 A5 മുതൽ A11 വരെ<br>രണ്ടാം നില | രേഖപ്പെടുത്തിയിട്ടില്ല | സഞ്ചയയിൽ നികുതി നിർണ്ണയിച്ചിട്ടില്ല | |
| 6 | 1/1680 A12<br>മൂന്നാം നില | 44 ച.മീ | 44x50 = 2200<br>വർദ്ധനവ് -<br>വഴി- 20% = 440<br>AC - 10% = 220<br>2860 | 44x85 = 3740<br>വർദ്ധനവ് -<br>വഴി- 20% = 748<br>AC - 10% = 374<br>തറ - 15% = 561<br>5423<br>കിഴിവ് - |

| | | | | |
|---|---|---|---|---|
| | | | | മൂന്നാം നില -15%=813<br>4610 |
| 7 | 1/1680 A13<br>മൂന്നാം നില | 44 ച.മീ | 2860 | 4610 |
| 8 | 1/1680 A14<br>മൂന്നാം നില | 44 ച.മീ | 2860 | 4610 |
| 9 | 1/1680 A15<br>മൂന്നാം നില | 44 ച.മീ | 2860 | 4610 |
| 10 | 1/1680 A16<br>മൂന്നാം നില | 44 ച.മീ | 2860 | 4610 |
| 11 | 1/1680 A17<br>മൂന്നാം നില | 44 ച.മീ | 2860 | 4610 |
| 12 | 1/1680 A18<br>മൂന്നാം നില | 44 ച.മീ | 2860 | 4610 |
| 13 | 1/1680 A19<br>മൂന്നാം നില | 44 ച.മീ | 2860 | 4610 |
| 14 | 1/1680 A20<br>മൂന്നാം നില | 44 ച.മീ | 2860 | 4610 |
| 15 | 1/1680 A21<br>മൂന്നാം നില | 44 ച.മീ | 2860 | 4610 |

| | | | | |
|---|---|---|---|---|
| 16 | 1/1680 A22<br>മൂന്നാം നില | 44 ച.മീ | 2860 | 4610 |
| 17 | 1/1680 A23<br>മൂന്നാം നില | 44 ച.മീ | 2860 | 4610 |
| 18 | 1/1680 A24<br>മൂന്നാം നില | 44 ച.മീ | 2860 | 4610 |

1/1680 A1 മുതൽ 1/1680 A4 വരെയും 1/1680 A12 മുതൽ 1/1680 A24 വരെയുമുള്ള കെട്ടിടങ്ങൾക്ക് ലോഡ്ജ് ആവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിനും 1/1680 A5 മുതൽ 1/1680 A11 വരെയുമുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിക്കാത്തതിനും വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

3. വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

നഗരസഭയിലെ 100ചതുരശ്രമീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള പല കെട്ടിങ്ങൾക്കും 100ചതുരശ്രമീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിനാൽ നികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം | വാർഡ്, വീട്ട് നം | കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിന്റ വിസ്തീർണ്ണം- ച. മീറ്ററിൽ | സഞ്ചയ പ്രകാരം പുതുക്കി ഈടാക്കിയ നികുതി | യഥാർത്ഥ ത്തിൽ ഈടാക്കേ ണ്ട നികുതി |
|---|---|---|---|---|---|
| 1 | 1/654M1<br>പ്രഥമ മേഖല, 5മീ കൂടുതൽ വീതിയുള്ള റോഡ്<br>ഒന്നാം നില | പാത്തുമ്മ, നാഗേരി പൊയിൽ | 107.15 ച.മീ | 107.15x65 = 6964.75<br>വർദ്ധനവ് -<br>വഴി- 20% = 1392.95<br>8358<br>കിഴിവ് -<br>ഒന്നാം നില -5%= 418<br>7940 | 107.15x85 = 9107.75<br>വർദ്ധനവ് -<br>വഴി- 20% = 1821.55<br>10929.3<br>കിഴിവ് -<br>ഒന്നാം നില -5%= 546.5<br>10383 |
| 2 | 1/654N1<br>പ്രഥമ മേഖല, 5മീ കൂടുതൽ വീതിയുള്ള റോഡ് | പാത്തുമ്മ, നാഗേരി പൊയിൽ | 107.15 ച.മീ | 107.15 x 65 = 6964.75<br>വർദ്ധനവ് -<br>വഴി- 20% = 1392.95 | 107.15 x 85 = 9107.75<br>വർദ്ധനവ് -<br>വഴി- 20% = 1821.55 |

| | | | | | |
|---|---|---|---|---|---|
| | ഒന്നാം നില | | | 8358<br>കിഴിവ് -<br>ഒന്നാം നില -5%= 418<br>7940 | 10929.3<br>കിഴിവ് -<br>ഒന്നാം നില -5%= 546.5<br>10383 |
| 3 | 1/654O1<br>പ്രഥമ മേഖല, 5മീ കൂടുതൽ വീതിയുള്ള റോഡ്<br>ഒന്നാം നില | പാത്തുമ്മ, നാഗേരി പൊയിൽ | 107.15 ച.മീ | 107.15 x 65 = 6964.75<br>വർദ്ധനവ് -<br>വഴി- 20% = 1392.95<br>8358<br>കിഴിവ് -<br>ഒന്നാം നില -5%= 418<br>7940 | 107.15 x 85 = 9107.75<br>വർദ്ധനവ് -<br>വഴി- 20% = 1821.55<br>10929.3<br>കിഴിവ് -<br>ഒന്നാം നില -5%= 546.5<br>10383 |
| 4 | 1/654P1<br>പ്രഥമ മേഖല, 5മീ കൂടുതൽ വീതിയുള്ള റോഡ്<br>ഒന്നാം നില | പാത്തുമ്മ, നാഗേരി പൊയിൽ | 144.25 ച.മീ | 144.25 x 65 = 9376.25<br>വർദ്ധനവ് -<br>വഴി- 20% = 1875.25<br>11252<br>കിഴിവ് -<br>ഒന്നാം നില -5%= 562<br>10690 | 144.25 x 85 = 12261.25<br>വർദ്ധനവ് -<br>വഴി- 20% = 2452.25<br>14713.5<br>കിഴിവ് -<br>ഒന്നാം നില -5%= 735.675<br>13978 |
| 5 | 4/106B<br>പ്രഥമ മേഖല, 5മീ കൂടുതൽ വീതിയുള്ള റോഡ്<br>തറ നില | മൂസ്സക്കുട്ടി, മൈമൂന<br>ഒതയമംഗലത്ത് | 189.21 ച.മീ | 189.21 x 65 = 12298.65<br>വർദ്ധനവ് -<br>വഴി- 20% = 2459.73<br>14759 | 189.21 x 85 = 16082.85<br>വർദ്ധനവ് -<br>വഴി- 20% = 3216.57<br>19299 |

| | | | | | |
|---|---|---|---|---|---|
| 6 | 6/2B<br>ദ്വിതീയ മേഖല, 5മീ കൂടുതൽ വീതിയുള്ള റോഡ്<br>തറ നില | സെക്രട്ടറി, മുക്കം മുസ്ലീം ഓർഫനേജ് | 108.7 ച.മീ | 108.7 x 65 = 7065.5<br>കിഴിവ് -<br>മേഖല -10%= 706.5<br>6359<br>വർദ്ധനവ് -<br>വഴി- 20% = 1413.1<br>7773 | 108.7 x 85 = 9239.5<br>കിഴിവ് -<br>മേഖല -10%= 924<br>8315.5<br>വർദ്ധനവ് -<br>വഴി- 20% = 1847.9<br>10163 |
| 7 | 1/1052F1<br>പ്രഥമ മേഖല, 1.5മീ കൂടുതൽ വീതിയുള്ള റോഡ്<br>തറ നില | എ.എം. അബ്ദുസലാം | 150 ച.മീ | 150 x 65 = 9750 | 150 x 85 = 12750 |

4. പുതിയ കെട്ടിടത്തിന് കാലപ്പഴക്കത്തിന് നികുതിയിളവ് നൽകി

2011-12 വർഷത്തിന ശേഷം നിർമ്മിച്ച കെട്ടിടങ്ങൾക്ക് 10 വർഷം മുതൽ 25 വർഷം വരെ പഴക്കമുള്ള കെട്ടിടത്തിന് നൽകുന്ന 10% നികുതിയിളവ് നൽകുക വഴി വസ്തുനികുതി നിർണ്ണയത്തിൽ കുറവ് വന്നു. ഉദാഹരണങ്ങൾ ചുവടെ :-

| ക്രമ നം | വാർഡ്, വീട്ട് നം | പേര് വിലാസം | നികുതി നിർണ്ണയിച്ച വർഷം | കെട്ടിടത്തിന്റ വിസ്തീർണ്ണം- ച. മീറ്ററിൽ | സഞ്ചയ പ്രകാരം പുതുക്കി ഈടാക്കിയ നികുതി | യഥാർത്ഥ ത്തിൽ ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|---|
| 1 | 1/351എ1 | റസീന, കരുമ്പിലക്കാടൻ | 2011-12 | 23.71 | 23.71x65 = 1541.15<br>കിഴിവ് -<br>കാലപ്പഴക്കം-10%= 154.15<br>1387 | 23.71x65 =1541.15 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 1/1425ഡി | ഇ.കെ.അബ്ദുറഹിമാൻ | 2012-13 | 25 | 25x65 = 1625<br>വർദ്ധനവ് -<br>വഴി - 20%= 325<br>1950<br>കിഴിവ് -<br>കാലപ്പഴക്കം-10%= 162.5<br>1788 | 25x65 = 1625<br>വർദ്ധനവ് -<br>വഴി -20%= 325<br>1950 |

5. <u>കോൺക്രീറ്റ് മേൽക്കൂരയുള്ള കെട്ടിടത്തിന് മേൽക്കൂരയ്ക്കുള്ള നികുതിയിളവ് നൽകി</u>

കോൺക്രീറ്റ് മേൽക്കൂരയുള്ള കെട്ടിടത്തിന് മേൽക്കൂരയ്ക്കുള്ള നികുതിയിളവ് നൽകുക വഴി വസ്തുനികുതി നിർണ്ണയത്തിൽ കുറവ് വന്നു. വിശദാംശം ചുവടെ :-

| ക്രമ നം | വാർഡ്, വീട്ട് നം | പേര് വിലാസം | കെട്ടിടത്തിന്റ വിസ്തീർണ്ണം- ച. മീറ്ററിൽ | സഞ്ചയ പ്രകാരം പുതുക്കി ഈടാക്കിയ നികുതി | യഥാർത്ഥ ത്തിൽ ഈടാക്കേ ണ്ട നികുതി |
|---|---|---|---|---|---|
| 1 | 1/1178എ1<br>രണ്ടാം നില | ഇ.കെ.ഭാസ്കരൻ മുതൽ പേർ | 55 | 55x65 = 3575<br>വർദ്ധനവ് -<br>വഴി - 20% = 715<br>4290<br>കിഴിവ് -<br>മേൽക്കൂര - 10% = 357.5<br>രണ്ടാം നില -10%= 393.3<br>3540 | 55x65 = 3575<br>വർദ്ധനവ് -<br>വഴി - 20% = 715<br>4290<br>കിഴിവ് -<br>രണ്ടാം നില -10%= 429<br>= 3861 |

| | | | | | |
|---|---|---|---|---|---|
| 2 | 1/1178എ2 രണ്ടാം നില | ടി | 55 | 3540 | 3861 |
| 3 | 1/1178എ3 രണ്ടാം നില | ടി | 55 | 3540 | 3861 |

6. ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് റോഡിന്റെ തരം വ്യത്യസ്തമായ രീതിയിൽ കണക്കാക്കി നികുതി നിശ്ചയിച്ചു

ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് റോഡിന്റെ തരം വ്യത്യസ്തമായ രീതിയിൽ കണക്കാക്കി നികുതി നിശ്ചയിച്ചതിനാൽ വസ്തുനികുതി നിർണ്ണയത്തിൽ കുറവ് വന്നു. ഉദാ. താഴെ കൊടുക്കുന്നു.

| ക്രമ നം | വാർഡ്, വീട്ട് നം | പേര് വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം- ച. മീറ്ററിൽ | സഞ്ചയ പ്രകാരം പുതുക്കി ഈടാക്കിയ നികുതി | യഥാർത്ഥ ത്തിൽ ഈടാക്കേ ണ്ട നികുതി |
|---|---|---|---|---|---|
| 1 | 1/344സി മൂന്നാം നില 5മീ. റോഡ് | ഉസ്മാൻ, കീലത്ത് , അബ്ദുൾ ഹമീദ്, പെരിങ്ങളത്ത് | 25 | 25 x 65 = 1625 വർദ്ധനവ് - വഴി - 20% = 325 1950 കിഴിവ് - മൂന്നാം നില -15% = 292.5 1658 | 25 x 65 = 1625 വർദ്ധനവ് - വഴി - 20% = 325 1950 കിഴിവ് - മൂന്നാം നില -15% = 292.5 1658 |
| 2 | 1/344ഡി മൂന്നാം നില 1.5മീ. റോഡ് | ടി | 15 | 15 x 65 = 975 കിഴിവ് - മൂന്നാം നില -15% = 146.25 829 | 15 x 65 = 975 വർദ്ധനവ് - വഴി - 20% = 195 1170 കിഴിവ് - |

| | | | | | |
|---|---|---|---|---|---|
| | | | | | മൂന്നാം നില -15% = 175.5<br>995 |

11 മുറികളുള്ള കെട്ടിടത്തിൽ 1/344 സി, 1/344 എം എന്നീ മുറികൾക്ക് 5 മീററിന് മുകളിലുള്ള റോഡുകൾക്കുള്ള 20% വർദ്ധനവ് നൽകിയും 1/344 ഡി മുതൽ 1/344 എൽ വരെയുള്ള മുറികൾക്ക് 1.5 മീററിന് മുകളിലുള്ള റോഡുകളായി കണക്കാക്കി വർദ്ധനവ് നൽകാതെയുമാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

മേൽ പറഞ്ഞ പ്രകാരം കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിനാൽ വാണിജ്യ കെട്ടിടങ്ങളുടെ ഉടമകൾക്ക് നികുതി ലാഭവും നഗരസഭയ്ക്ക് വൻ നഷ്ടവും ഉണ്ടായിട്ടുണ്ട്. നഗരസഭയിലെ പുതിയതോ പുതിയ നിരക്കിലോ ഉള്ള നികുതി ചുമത്തുന്നതിന് ചട്ടപ്രകാരം സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും നികുതികൾ യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും 2.3.17ലെ എ3/3006 /17നം. ഓഫീസ് ഉത്തരവ് പ്രകാരം റവന്യൂ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയതാണ്. എന്നാൽ ഈ ചുമതല നിർവഹിക്കുന്നതിൽ റവന്യൂ ഇൻസ്പെക്ടർ വീഴ്ച വരുത്തി. വസ്തുനികുതി സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയത് പുന:പരിശോധിക്കേണ്ടതാണ്. മുഴുവൻ കെട്ടിടങ്ങളും പരിശോധനാ വിധേയമാക്കി നികുതി പുനർനിർണ്ണയിക്കേണ്ടതും ഡിമാന്റ് നോട്ടീസ് അയച്ച് തുക ഈടാക്കേണ്ടതുമാണ്.

## 2-2 വസ്തുനികുതി - പൊതു അപാകതകൾ

2017-18 കാലയളവിലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.

1.2018-19 ന മുൻപു നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ നിന്ന് പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കിയില്ല.

2015 നവംബർ 1 മുതൽ മുക്കം ഗ്രാമപഞ്ചായത്തിനെ നഗരസഭയാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 19.07.2016 ലെ 138/2016 നം തീരുമാന പ്രകാരം വസ്തു നികുതി പരിഷ്കരണത്തിന്റെ കരട് വിജ്ഞാപനം അംഗീകരിച്ചു. (അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.) 2018-19 വർഷത്തിൽ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി നിരക്കുകൾ മുൻസിപ്പാലിറ്റിയ്ക്ക് ബാധകമായ നിരക്കിൽ പുതുക്കി നിർണ്ണയിച്ചിട്ടുണ്ട്. 2018-19ന മുൻപ് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ നികുതി പുതുക്കി നിർണ്ണയിക്കുന്നതിനായി സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തുന്ന പ്രവൃത്തി പൂർത്തിയായിട്ടില്ല. 21 വാർഡുകളുണ്ടായിരുന്ന ഗ്രാമപഞ്ചായത്ത് 33 ഡിവിഷനുകളുള്ള നഗരസഭയായി മാറിയപ്പോൾ ആയതിനനുസരിച്ച് കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്ന പ്രവൃത്തിയും ഇതുവരെയും പൂർത്തീകരിച്ചിട്ടില്ല. അതിനാൽ തന്നെ 2018-19 ന മുൻപുള്ള കെട്ടിടങ്ങളിൽ നിന്ന് പുതുക്കിയ നിരക്കിലുള്ള നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ സാധിച്ചിട്ടില്ല.

2.താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

എ) വാർഡ് അടിസ്ഥാനത്തിലുള്ള വസ്തുനികുതി നിർണ്ണയരജിസ്റ്റർ.

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ, ചട്ടം 12 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചാൽ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങളും വസ്തുനികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങളും ഫോറം നം.4 ലുള്ള വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ രജിസ്റ്റർ മുനിസിപ്പാലിറ്റിയുടെ വാർഡ് അടിസ്ഥാനത്തിലുള്ള

തായിരിക്കേണ്ടതാണ്. നഗരസഭയിൽ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും എല്ലാ വാർഡുകളിലെയും വിവരങ്ങൾ ഒരു രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നത്.

ബി) ഡിമാന്റ് രജിസ്റ്റർ

ചട്ടം 13 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കുകയും വസ്തുനികുതി നിർണ്ണയരജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു കഴിഞ്ഞാൽ അപ്രകാരമുള്ള നികുതി ഈടാക്കുന്നതിലേക്കായി ആവശ്യമായ വിവരങ്ങൾ ഫോറം നം.8 ലുള്ള വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ 2017-18 വർഷം നികുതി നിർണ്ണയിച്ച എല്ലാ കെട്ടിടങ്ങളിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടോ എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി - അപാകതകൾ

2017-18 കാലയളവിലെ തൊഴിൽനികുതിയുമായി ബന്ധപ്പെട്ട പ്രധാന അപാകതകൾ താഴെ കൊടുക്കുന്നു.

1.സ്ഥാപനങ്ങൾ/തൊഴിലുടമകളിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല.

2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 5 പ്രകാരം കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് കെട്ടിടം ഉപയോഗിക്കുന്നവരുടെ പേരും അങ്ങനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ ഉദ്യോഗത്തെയോ സംബന്ധിച്ചും കൈവശം വയ്ക്കുന്ന കാലത്തെ സംബന്ധിച്ചും വിവരിച്ച കൊണ്ടുള്ളതായ ഒരു ലിസ്റ്റ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഒന്നാം നം. ഫോറത്തിൽ സെക്രട്ടറി നോട്ടീസ് നൽകേണ്ടതും കെട്ടിട ഉടമകൾ പ്രസ്തുത വിവരങ്ങൾ രണ്ടാം നം. ഫോറത്തിൽ ലഭ്യമാക്കേണ്ടതുമാണ്. ആയതിനനുസരിച്ച് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 6084 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. നികുതി ഇളവ് രജിസ്റ്റർ പ്രകാരം 52 കെട്ടിടങ്ങൾക്ക് ഒഴിവായി കിടക്കുന്നതിനാൽ നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന കെട്ടിട ഉടമസ്ഥരിൽ നിന്നും ഒന്നാം നം. ഫോറത്തിൽ നോട്ടീസ് നൽകി വിവരങ്ങൾ ലഭ്യമാക്കുകയോ ആയതിനനുസരിച്ച് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ചെയ്തിട്ടില്ല. 2017-18 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 1326 സ്ഥാപനങ്ങൾ/തൊഴിലുടമകളിൽ നിന്ന് മാത്രമാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ തൊഴിൽ നികുതി ഇനത്തിൽ വൻതുക നഗരസഭയ്ക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്നുണ്ട്.

2. ഡിമാന്റ് ചെയ്ത തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയില്ല.

സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2 അർദ്ധവർഷങ്ങളിലായി 1053200 രൂപ ഡിമാന്റ് ചെയ്തതിൽ 826030 രൂപ മാത്രമാണ് ഈടാക്കിയത്. 227170 രൂപ ഈടാക്കാനവശേഷിക്കുന്നുണ്ട്.

3. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | ഇൻസ്റ്റിറ്റ്യൂഷൻ നം. |
|---|---|---|---|
| 1 | തിരുവമ്പാടി റബ്ബർ കമ്പനി | 1,2 | എ -7 |
| 2 | പോസ്റ്റ് ഓഫീസ്, മുക്കം | 1 | എ -10 |
| 3 | വില്ലേജ് ഓഫീസ് താഴക്കോട് | 1,2 | എ -20 |
| 4 | എം.കെ.എച്ച്.എം.എം.ഒ എച്ച് എസ്സ് എസ്സ്, മണാശ്ശേരി | 1,2 | എ -24 |
| 5 | കോഴിക്കോട് പ്രൈമറി കോ ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ സൊസൈറ്റി | 1, 2 | എ -33 |
| 6 | കെ.ഡി.സി ബാങ്ക്, മുക്കം | 1 | എ -51 |
| 7 | വി ഇ ഒ നീലേശ്വരം | 1,2 | എ -80 |
| 8 | വി ഇ ഒ താഴക്കോട് | 1,2 | എ -81 |
| 9 | മുത്തൂറ്റ് ഫിൻകോർപ്പ് | 1,2 | എ – 110 |
| 10 | ആന്ധ്ര ബാങ്ക് | 1,2 | എ – 124 |
| 11 | യു എ ഇ എക്സ്ചേഞ്ച് &ഫിനാൻഷ്യൽ സർവീസസ് | 1,2 | എ – 133 |
| 12 | മുക്കം സർവീസ് സഹകരണബാങ്ക്, ചേന്ദമംഗല്ലൂർ ശാഖ | 1,2 | എ -136 |
| 13 | അസി.എക്സി.എഞ്ചിനീയർ, കെ.ഡബ്ല്യു. എ | 1,2 | എ -146 |

4. കെ.എം.സി.ടി. മാനേജ്മെന്റിന് കീഴിലുള്ള സ്ഥാപനങ്ങളുടെ തൊഴിൽ നികുതി റിട്ടേണുകൾ അന്വേഷണാവശ്യാർത്ഥം വിജിലൻസിന് കൈമാറിയിട്ടുള്ളതിനാൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും തൊഴിൽ നികുതി അടവാക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ പേരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടി

സ്വീകരിക്കേണ്ടതുമാണ്.

## 2-4 ഷോപ്പിംഗ് കോംപ്ലക്സ് വാടക- അപാകതകൾ

നഗരസഭയിലെ ഷോപ്പിംഗ് കോംപ്ലക്സുകളിലെ 49 മുറികൾ വാടകയ്ക്ക് നൽകുന്നുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് വാടക ഡിമാന്റ് രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ഷോപ്പിംഗ് കോംപ്ലക്സ് - വാടക കുടിശ്ശിക ഈടാക്കിയില്ല

ഷോപ്പിംഗ് കോംപ്ലക്സ് വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില മുറികളുടെ വാടകകുടിശ്ശിക ഈടാക്കിയിട്ടില്ല എന്ന് കണ്ടു. വാടക കുടിശ്ശിക വരുത്തിയവരുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | മാസവാടക | അടവാക്കാത്ത കാലയളവ് | അടവാക്കേണ്ട വാടക |
|---|---|---|---|---|---|
| 1 | I/1500A48 | ഷൈലേഷ് | 3410 | 4/17 – 3/18 | 40920 + GST 7368 |
| 2 | I/1500A50 | എം.കെ.കണ്ണൻ | 2970 | 2/18 – 3/18 | 5940 + GST 1070 |
| | | ആകെ | | | 46860 + GST 8438 |

വാടക കുടിശ്ശിക വരുത്തിയവർ തന്നെയാണ് 2018-19 വർഷത്തിലും മേൽ മുറികൾ ഉപയോഗിക്കുന്നത്. കുടിശ്ശിക വരുത്തിയ വാടകക്കാരെ ഒഴിപ്പിച്ച് മുറികൾ പുനർലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതും കുടശ്ശിക തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

2. വാടകക്കാരുമായി കരാർ ചമച്ചില്ല.

2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും) ചട്ടങ്ങൾ ചട്ടം 7(2) പ്രകാരം നഗരസഭയുടെ കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുമ്പോൾ കെട്ടിടം ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥകളും നിബന്ധനകളും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു കരാർ ചമക്കേണ്ടതാണ്. എന്നാൽ I/1500A16, I/1500A26, I/1500A50 എന്നീ മുറികളുടെ വാടകക്കാരും നഗരസഭയും തമ്മിൽ കരാർ ചമച്ചതായി കാണുന്നില്ല. വാടകക്കാരുമായി കൃത്യമായി ഉടമ്പടികൾ രേഖപ്പെടുത്തി കരാർ ചമച്ച് അറിയിക്കേണ്ടതാണ്

## 2-5 ഡി &ഒ ലൈസൻസ് - അപാകതകൾ

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 447 പ്രകാരം മുനിസിപ്പൽ പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ , ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല. സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 6084 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2017-18ലെ നികുതി ഇളവ് രജിസ്റ്റർ പ്രകാരം 52 കെട്ടിടങ്ങൾക്ക് ഒഴിവായി കിടക്കുന്നതിനാൽ നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം 1114 കെട്ടിട ഉടമകൾ മാത്രമാണ് ഡി & ഒ ലൈസൻസിന് വേണ്ടി അപേക്ഷിച്ചിരിക്കുന്നത്. ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ

കെട്ടിടങ്ങളും ലൈസൻസ് എടുക്കാതിരിക്കുമ്പോൾ ലൈസൻസ് ഫീസിനത്തിൽ ലഭിക്കേണ്ടുന്ന തുക നഗരസഭയ്ക്ക് നഷ്ടമാകുന്നുണ്ട്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് യാതൊരു നടപടിയും നഗരസഭ സ്വീകരിച്ചതായി കാണുന്നില്ല. വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്കായി കെട്ടിടനം. നൽകിയ കെട്ടിടങ്ങളിൽ ഭൗതികപരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വന്ന് ലൈസൻസ് ഫിസിനത്തിലെ വരുമാനം വർദ്ധിപ്പിക്കേണ്ടതുമാണ്.

## 2-6 പുതിയ ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ - ലേലതുക പൂർണ്ണമായും ഈടാക്കിയില്ല.

പുതിയ ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തതിൽ ഏറ്റവും കൂടിയ തുകയായ 15000 രൂപയ്ക്ക് ശ്രീ.മുസ്തഫ, നെച്ചിയിൽ എന്നവർക്ക് നൽകുന്നതിന് 23.3.17ലെ 16/17 നം. പ്രകാരം ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. 1.4.17ന് ചമച്ച കരാർ പ്രകാരം 30.6.17, 30.9.17,31.12.17 എന്നീ തീയതികളിൽ 3 തവണയായി തുക അടവാക്കേണ്ടതാണ്. ആദ്യഗഡുവായ 5000രൂപ രസീത് നം.1160317055/18.3.17 പ്രകാരവും 1000രൂപ രസീത് നം.1160317052/18.3.17 പ്രകാരവും അടവാക്കിയിട്ടുണ്ട്. 13.12.17ന് ശ്രീ.മുസ്തഫ മരണപ്പെട്ടതിനാൽ തുടർന്ന് കംഫർട്ട് സ്റ്റേഷൻ പ്രവർത്തിപ്പിക്കാൻ പറ്റാത്തതിനാൽ ലേലകരാറിൽ നിന്ന് ഒഴിവാക്കി ബാക്കി തുക എഴുതി തള്ളണമെന്നുള്ള ടിയാന്റെ മകൻ ജലൂദിന്റെ അപേക്ഷ പരിഗണിച്ച് 13.12.17 വരെയുള്ള കുടിശ്ശിക ഈടാക്കാനും ടിയാൻ മരണപ്പെട്ടത് മുതലുള്ള കിസ്തിളവിന് സർക്കാരിലേക്ക് അപേക്ഷിക്കാനും 20.4.18ലെ 14നം. പ്രകാരം ഭരണസമിതി തീരുമാനമെടുത്തു. 13.12.17 വരെയുള്ള കുടിശ്ശിക 4537രൂപ പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി ആസൂത്രണം - നിർവ്വഹണം ഒരു വിലയിരുത്തൽ

2017- 18 വർഷത്തിൽ 391 പ്രൊജക്ടുകൾക്കായി 19,63,33770 രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 8,20,75762 രൂപ ചെലവഴിച്ചിട്ടുണ്ട്. ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരും നടപ്പാക്കിയ പ്രൊജക്ടുകളും ഇതിനായി വകയിരുത്തിയതിന്റേയും ചെലവഴിച്ചതിന്റേയും വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രൊജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവഴിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 1 | 600000 | 600000 | 100 |
| 2 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| 3 | കൃഷി | 8 | 7 | 2885020 | 895065 | 31.02 |

| | | | | | | |
|---|---|---|---|---|---|---|
| | ഓഫീസർ | | | | | |
| 4 | വ്യവസായ വികസന ഓഫീസർ | 6 | 0 | 2555000 | 0 | 0 |
| 5 | സെക്രട്ടറി | 17 | 12 | 52651310 | 17778480 | 33.77 |
| 6 | മെഡിക്കൽ ഓഫീസർ CHC | 6 | 6 | 2050376 | 1393611 | 67.80 |
| 7 | വെറ്ററിനറി സർജൻ | 8 | 7 | 4731500 | 1555500 | 32.86 |
| 8 | ഡെ.ഡയറക്ടർ ഡയറി | 1 | 1 | 1200000 | 1198894 | 99.83 |
| 9 | പ്രൊജക്ട് ഓഫീസർ-ദാരിദ്ര്യ ലഘൂകരണം | 12 | 10 | 25120000 | 10477579 | 41.67 |
| 10 | മുനിസിപ്പൽ എൻജിനിയർ | 303 | 125 | 79474020 | 30084575 | 37.85 |
| 11 | ഐ. സി. ഡി. എസ് സൂപ്പർ വൈസർ | 10 | 10 | 9927333 | 8817018 | 88.81 |
| 12 | പ്രിൻസിപ്പൽ HSE | 18 | 15 | 9878160 | 8505632 | 86.10 |
| 13 | ഹെൽത്ത് ഓഫീസർ | 13 | 5 | 5061051 | 569408 | 11.24 |
| | TOTAL | 404 | 200 | 19633370 | 82075762 | |

നിർവ്വഹണ ഉദ്യോഗസ്ഥരിൽ വ്യവസായ വികസന ഓഫീസർ പദ്ധതിയിനത്തിലെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. കൃഷി ഓഫീസർ, മുനിസിപ്പൽ സെക്രട്ടറി, വെറ്ററിനറി സർജൻ, മുനിസിപ്പൽ എൻജിനിയർ എന്നിവർക്ക് വകയിരുത്തിയതിന്റെ 40 % -ൽ താഴെയാണ് ചെലവ് വന്നത്. ഡെ.ഡയറക്ടർ ഡയറി,ഐ സി ഡി എസ് സൂപ്പർ വൈസർ,പ്രിൻസിപ്പൽ HSE എന്നിവർ 80 % - ന് മുകളിൽ പദ്ധതിപ്പണം ചെലവഴിച്ചു. മെഡിക്കൽ ഓഫീസർ CHC 67.80 % തുക ചെലവഴിച്ചു.

<u>നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ്- വിശകലനം.</u>

1) വ്യവസായ വികസന ഓഫീസർ ഒരു പ്രൊജക്റ്റിലും തുകയൊന്നും ചെലവഴിക്കാഞ്ഞത് ശരിയായ നടപടിയല്ല. നഗരസഭയിൽ നിരവധി സ്വയം തൊഴിൽ പ്രൊജക്ടുകൾ നടപ്പാക്കി തൊഴിലില്ലായ്മ ഏറെക്കുറെ പരിഹരിക്കാമെന്നിരിക്കെ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രൊജക്ടുകൾ നടപ്പാക്കാതിരുന്നത് ഗൗരവമായി വീക്ഷിക്കേണ്ടതാണ്. 25,55,000 രൂപ വകയിരുത്തി 6 പ്രൊജക്ടുകൾ ആണ് നടപ്പാക്കേണ്ടിയിരുന്നത്. ഇതിൽ പരമ്പരാഗത വ്യവസായ കൈത്തൊഴിലുകളുടെ പ്രോത്സാഹനം, പിക് അപ് ഓട്ടോ വാങ്ങുന്നതിന് സബ്സിഡി, വനിതാ ഗ്രൂപ്പ് കാറ്ററിംഗ് സപ്പോർട്ട്, ഗ്രൂപ്പ് സംരംഭം-കാർപ്പെന്ററി മുതലായ പ്രൊജക്ടുകൾ ആണ് നടപ്പാക്കാനുണ്ടായിരുന്നത്. ഇത്തരം പ്രൊജക്ടുകളൊന്നും

നടപ്പാക്കാതിരുന്നത് നിർഭാഗ്യകരമാണ്.

2) നിർവ്വഹണ ഉദ്യോഗസ്ഥരായ കൃഷി ഓഫീസർക്ക് ചെലവ് വിഹിതം താരതമ്യേന കുറവാണ്. വികസന ഫണ്ടിലും, തനത് ഫണ്ടിലും, ഗുണഭോക്തൃവിഹിതത്തിലും ഇനിയും ചെലവഴിക്കാനുണ്ടേറെ. തെങ്ങ് കൃഷി വികസനം പ്രൊജക്റ്റിന്റെ ചെലവ് വളരെ കുറവാണ്.

3) വെറ്ററിനറി സർജൻ വികസന ഫണ്ട് പൊതുവിഭാഗം, എസ് സി പി, ധനകാര്യ കമ്മീഷൻ അവാർഡ് തുടങ്ങിയവ മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തനത് ഫണ്ട്, ഗുണഭോക്തൃവിഹിതം തുടങ്ങിയവ ഏറെ ചെലവഴിക്കാനുണ്ട്.

4) മുനിസിപ്പൽ എൻജിനിയറുടെ പ്രൊജക്റ്റുകളിൽ തനത് ഫണ്ട് 3.5 കോടി വകയിരുത്തിയതിൽ 80 ലക്ഷം മാത്രമേ ചെലവഴിച്ചുള്ളൂ. അതേപോലെ 30 ലക്ഷം ധനകാര്യ കമ്മീഷൻ അവാർഡിൽ 7.5 ലക്ഷം മാത്രമേ ഉപയോഗിച്ചുള്ളൂ.

5) പ്രൊജക്റ്റ് ഓഫീസർ- ദാരിദ്ര്യ ലഘൂകരണത്തിനും 41.67 % മാത്രമേ ചെലവഴിക്കപ്പെട്ടുള്ളൂ.

<u>വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം</u>

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറും യോഗം ചേരാറുണ്ട്. എന്നാൽ ഓരാ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും പ്രൊജക്റ്റ് നിർവ്വഹണത്തിന്റെ വിശകലനം നടത്തിയതായി കാണുന്നില്ല. വ്യവസായ വികസന ഓഫീസർ ഒരു പ്രൊജക്റ്റും നടപ്പാക്കാതിരുന്നത് സംബന്ധിച്ച് പ്രത്യേക പരാമർശം നടത്തിയിട്ടില്ല. പ്രൊജക്റ്റുകൾ വകമാറ്റുന്നതും, ഒഴിവാക്കുന്നതും സംബന്ധിച്ച് ചർച്ചകൾ നടക്കാറുണ്ട്.

ഓരോ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും പ്രവർത്തനം സംബന്ധിച്ച് കൃത്യമായ വിശകലനങ്ങളും പ്രൊജക്റ്റിന്റെ നിർവ്വഹണ പുരോഗതിയും യഥാസമയങ്ങളിൽ വിലയിരുത്തൽ നടത്തേണ്ടതും, ശരിയായ മാർഗ്ഗ നിർദ്ദേശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകി പ്രൊജക്റ്റിന്റെ നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതും, ഫണ്ട് വിനിയോഗം ഊർജ്ജിതമാക്കേണ്ടതുമാണ്.

## 3-2 ഇ എം എസ് ഹാൾ അറ്റകുറ്റപ്പണി- അപാകതകൾ പരിഹരിക്കാതെ മുഴുവൻ തുകയും നൽകി.

പ്രൊജക്റ്റ്- ഇ എം എസ് ഹാൾ അറ്റകുറ്റപ്പണി

പ്രൊജക്റ്റ് നം- 214/18

അടങ്കൽ- 5,00,000 (തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ- മുനിസിപ്പൽ എൻജിനിയർ.

കരാറുകാരൻ ശ്രീ മുജീബ് റഹ്മാൻ ഇ പി

കരാർ നം.- 116/16-17 തി. 4.03.2017

ബിൽ നം- 264 തി 9.3.2018- 388457രൂപ

എം ബുക്ക് നം- 23/16-17

ഇ. എം. എസ് ഹാൾ അറ്റകുറ്റപ്പണി നടത്തുന്നതിനായാണ് പ്രൊജക്റ്റ് തയ്യാറാക്കിയത്. രണ്ടാം നിലയിൽ ഹാളിന്റെ പിൻഭാഗത്ത് എം എസ് ഗ്രിൽ വെക്കുന്നതിനും, വരാന്തയുടെ ഭാഗത്ത് പുതിയതായും, ഉള്ളിൽ പൊളിഞ്ഞ ഭാഗത്തും സീലിംഗ് റിപ്പയർ ചെയ്യുന്നതിനുമാണ് പ്രൊജക്റ്റ്. ഇതിനായി 1186.658 kg എം എസ് ഗ്രില്ലും (എം ബുക്ക്- പേജ് നം- 5) ഇതിനായി കി.ഗ്രാമിന് 150.53 രൂപ നിരക്കിൽ 178627.63 (എം ബുക്ക്- പേജ് നം- 19) രൂപ നൽകിയിട്ടുണ്ട്.ഫാൾസ് സീലിംഗ് നടത്തുന്നതിനായി 181.23ച. മീ സീലിംഗ് മെറ്റീരിയലും വാങ്ങിയിട്ടുണ്ട് (എം ബുക്ക്- പേജ് നം- 13) ഇതിനായി ച.മീറ്ററിന് 521.24 രൂപ നിരക്കിൽ 94464.32 രൂപ നൽകിയിട്ടുണ്ട് (എം ബുക്ക്- പേജ് നം- 20). 28.09.2018 ന് നടത്തിയ സൈറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ എൻ ചന്ദ്രൻ മാസ്റ്ററുടെ 18.8.2017 ലെ പരാതിയിൽ, ഇ.എം.എസ് ഓഡിറ്റോറിയത്തിന്റെ നവീകരണ പ്രവൃത്തിയുടെ ഭാഗമായുള്ള സീലിംഗ് പ്രവൃത്തി പരിതാപകരമാണെന്നും മുൻവശത്തെ സീലിംഗ് വൃത്തിഹീനമാണെന്നും ചിലയിടങ്ങളിൽ പൊളിഞ്ഞ് അടർന്ന് വീഴാറായ നിലയിലാണെന്നും ഇക്കാര്യം ശരിയാക്കിയിട്ടാവണം ബിൽ പേയ്മെന്റ് നടത്താൻ എന്നും അറിയിച്ചിട്ടുണ്ട്. 2.9.2017 ൽ പരാതിയിൽ പറഞ്ഞ കാര്യങ്ങൾ പരിഹരിച്ചിട്ടുണ്ടെന്നും അതിനാൽ തുടർ നടപടി എടുക്കാവുന്നതാണെന്നും അസി. എൻജിനിയർ അറിയിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മേൽ തുക കരാറുകാരന് നൽകി. എന്നാൽ 28.09.2018 ന് നടത്തിയ സൈറ്റ് പരിശോധനയിൽ പുതുതായി നിർമ്മിച്ച സീലിംഗിൽ 3 എണ്ണം മുഴുവനായും അടർന്ന് വീണ നിലയിലാണ്. കൂടാതെ എം എസ് ഗ്രില്ല് പ്രൈം കോട്ട് അടക്കമുള്ള തുകയാണ് അനുവദിച്ചതെങ്കിലും പല ഗ്രില്ലിലും ഇത് ഉപയോഗിച്ചിട്ടില്ല. അതിനാൽ ഇവ തുരുമ്പ് എടുത്ത് തുടങ്ങിയിട്ടുണ്ട്.

അപാകതകൾ പരിഹരിക്കാതെ- സീലിംഗ് പ്രവൃത്തി പൂർത്തിയാക്കാതെ- തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതോടൊപ്പം എം എസ് ഗ്രിൽ പെയിന്റ് അടിച്ച് സംരക്ഷിക്കാൻ എസ്റ്റിമേറ്റിൽ പ്രൊവിഷൻ വെക്കാതെ പദ്ധതി നടപ്പിലാക്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

സീലിംഗ് പ്രവൃത്തി റിപ്പയർ ചെയ്ത് ശരിയാക്കേണ്ടതും എം എസ് ഗ്രിൽ പെയിന്റ് അടിച്ച് സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ചെലവഴിച്ച തുക 388457രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-3 വെണ്ണക്കോട് ആയുർവേദ ഡിസ്പെൻസറി അറ്റകുറ്റപ്പണി - അധിക നിരക്ക് രേഖപ്പെടുത്തി തുക അനുവദിച്ചു.

പ്രൊജക്ട്- വെണ്ണക്കോട് ആയുർവേദ ഡിസ്പെൻസറി അറ്റകുറ്റപ്പണി

പ്രൊജക്ട് നം- 351/18

അടങ്കൽ- 2,00,000 (സംരക്ഷണ ഗ്രാന്റ്- നോൺറോഡ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ- മുനിസിപ്പൽ എൻജിനിയർ.

കരാറുകാരൻ- ശ്രീ അബ്ദുൽ ബഷീർ കെ

കരാർ നം.- 30/17-18 തി. 24.01.2018

ബിൽ നം- 76/17-18 തി 12.03.2018- 1,86,540രൂപ

എം ബുക്ക് നം- 37/17-18

വെണ്ണക്കോട് ആയുർവേദ ഡിസ്പെൻസറി അറ്റകുറ്റപ്പണി പ്രൊജക്ട് പ്രകാരം അവിടെ നിർമ്മിക്കുന്ന കാത്തിരിപ്പ് കേന്ദ്രത്തിന്റെ നിലം ടൈൽ വിരിക്കൽ, ഇരിപ്പിടമായി ബെഞ്ച് നിർമ്മിക്കൽ, ആ മുറിയുടെ മേൽക്കൂരയും മുറ്റവും ഷീറ്റിടുക, സ്റ്റോർ റൂമിന്റെ ചുമരിൽ ടൈൽ വിരിക്കുക മുതലായവയാണ്.

എസ്റ്റിമേറ്റിൽ പറഞ്ഞ പ്രവൃത്തിയാണ് നടത്തിയത്. എം ബുക്ക് പേജ് നം 4 പ്രകാരം ബെഞ്ച് സ്ലാബ് താഴെ പറയും പ്രകാരം അളവ് രേഖപ്പെടുത്തിയിട്ടുണ്ട്.

| നം | L | B | D | Contents |
|---|---|---|---|---|
| 1 | 4.60 | 0.80 | 0.10 | 0.37 m3 |
| 1 | 2.90 | 0.80 | 0.10 | 0.23 m3 |
| 1 | 3.70 | 0.70 | 0.10 | 0.26 m3 |

| | | | | |
|---|---|---|---|---|
| 1 | 2.00 | 0.70 | 0.10 | 0.14 m3 |
| 1 | 1.20 | 0.70 | 0.10 | 0.08 m3 |
| | | | | 1.08 m3 |
| | | | Limited to | 0.86 m3 |

മുനിസിപ്പാലിറ്റിയിലെ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 28.09.2018 ൽ സൈറ്റ് പരിശോധന നടത്തിയപ്പോൾ ബെഞ്ചിന്റെ വീതി 75 സെ.മീ നീളത്തിലുള്ളതിന്റെ വീതി 55 സെ. മീ. ഉം 6.90 മീ നീളത്തിലുള്ളതിന്റെ വീതി 52 സെ. മീ ആണെന്ന് കണ്ടു. മറ്റപാകതകൾ താഴെ പറയുന്നു.

1) കാത്തിരിപ്പ് കേന്ദ്രം ഉണ്ടാക്കിയതിന്റെ സ്ഥാനത്ത് നിലവിലുണ്ടായിരുന്ന ഷെഡ്ഡ് ഡിസ്മാന്റിൽ ചെയ്തതിന്റെ വിവരം എം ബുക്കിൽ രേഖപ്പെടുത്തുകയോ പഴയ ജി ഐ പൈപ്പുകൾ ലേലം ചെയ്യുകയോ ചെയ്തില്ല. ഇത്തരത്തിൽ 5 ജി ഐ പൈപ്പുകൾ പുറത്ത് മഴ കൊള്ളുന്ന വിധത്തിൽ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു.

2) കാത്തിരിപ്പ് കേന്ദ്രം നിലവിൽ ഉപയോഗിക്കാതെ കിടക്കുകയാണ്. നിലവിലെ രോഗികൾക്ക് ഉപയോഗിക്കാനാവശ്യമായ സൗകര്യങ്ങൾ സ്ഥാപനത്തിലുണ്ടെന്ന് മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) കാത്തിരിപ്പ് കേന്ദ്രത്തിലേക്ക് ഉണ്ടാക്കിയ റാമ്പ് വിട്രിഫൈഡ് ടൈൽ ചെയ്തതും ഇത് പുറത്ത് മഴ നനയുന്ന വിധത്തിൽ ഉള്ളതുമാണ്. ഇതിന് മറ്റ് സ്റ്റെപ്പുകൾ ഉണ്ടാക്കിയിട്ടില്ല. അതിനാൽ ഈ റാമ്പിലൂടെ വൃദ്ധൻമാർക്കോ മറ്റുള്ളവർക്കോ ഉള്ളിലേക്ക് പ്രവേശിക്കാൻ ബുദ്ധിമുട്ടാണ്.

4) ബെഞ്ചിന്റെ വീതി വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്പി, കോൺക്രീറ്റ്, ടൈൽ തുടങ്ങിയ എല്ലാ ഇനത്തിലും ചെലവ് വർദ്ധിച്ചു.

എം ബുക്ക് പ്രകാരം സിമന്റ് ബെഞ്ച് 70 സെ മീ, 80 സെ മീ വീതിയിൽ നിർമ്മിച്ചിട്ടുണ്ട്. (എം ബുക്ക് പേജ് നം. 4) ഇതിന് 70 സെ മീ നീളത്തിൽ കമ്പി മുറിച്ചിട്ടുണ്ട്. സിമന്റ് ബെഞ്ച് 70 സെ മീ, 80 സെ മീ വീതിയിൽ വിട്രിഫൈഡ് ടൈൽ പാകിയിട്ടുണ്ട്. അധികമായി അളവ് രേഖപ്പെടുത്തിയതിന്റെ വിശദാംശം ചുവടെ :-

| ഇനം | ചെയ്തതിന്റെ അളവ് | | | | | ചെയ്യേണ്ട അളവ് | | | | | അധികം ചെയ്തത് |
|---|---|---|---|---|---|---|---|---|---|---|---|
| | No | L | B | D | Cont | No | L | B | D | Cont | |
| 1.04.Steel forRCC | 3 | 14.4 | | @0.394kg/m | 17.02 kg | 3 | 14.4 | | @0.394kg/m | 17.02 kg | |
| | 48 | 0.70 | | @0.394kg/m | 13.24 kg | 48 | 0.55 | | @0.394kg/m | 10.40 | 2.83 kg@ 80.46=227.70 |
| RCC for bench | | 7.50 | 0.80 | 0.10 | 0.6 | | 7.50 | 0.55 | 0.10 | 0.41 | (0.86-0.76)0.1 x10506.76= 1050.67 |
| | | 6.70 | 0.70 | 0.10 | 0.483 | | 6.70 | 0.52 | 0.10 | 0.35 | |
| Vitrified | | 7.50 | 0.80 | | 6.00 | | 7.50 | 0.55 | | 4.12 | (10.83- 7.60) |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| tiles-bench | | | | | | | | | | | 3.23 m2@ 1591.34= 5140 |
| | | 6.70 | 0.70 | | 4.83 | | 6.70 | 0.52 | | 3.48 | |
| | Total | | | | | | | | | | 6418.37- 6.73% tender below= 432= 5986.37 |

അധികമായി അളവ് രേഖപ്പെടുത്തിയതിനാൽ കൂടുതൽ ചെലവായ തുക 5986.37രൂപയാണ്.

അധികമായി നൽകിയ തുക ഉത്തരവാദിയായ എൻജിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഡിസ്മാന്റിൽ ചെയ്ത ജി ഐ പൈപ്പുകൾ ലേലം ചെയ്ത് തുക നഗരസഭാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-4 ഗുണഭോക്തൃസമിതി നിർമ്മാണ പ്രവൃത്തി മാർഗരേഖ പാലിക്കുന്നില്ല.

2017-18 വർഷം നഗരസഭയിലെ ചില പ്രവൃത്തികൾ ഗുണഭോക്തൃസമിതി നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. എന്നാൽ 1999 ലെ ഗുണഭോക്തൃസമിതി മാർഗരേഖ അനുസരിച്ചല്ല മിക്ക പ്രവൃത്തികളും നടത്തിയത്. പ്രധാനപ്പെട്ട രേഖയായ മിനട്സ് ബുക്ക് പൂർണ്ണമായി എഴുതി തയ്യാറാക്കുന്നില്ല. മസ്റ്റർ റോൾ തയ്യാറാക്കിയതും ശരിയായ രീതിയിലല്ല. കൃത്രിമത്വം കാണാവുന്നതാണ്. ഒരു ഉദാഹരണം താഴെ കൊടുക്കുന്നു.

പ്രൊജക്ട്- നീലേശ്വരം ഹയർസെക്കന്ററി സ്കൂൾ അറ്റകുറ്റപ്പണി

പ്രൊജക്ട് നം- 223/18

അടങ്കൽ- 1,50,000 (സംരക്ഷണ ഗ്രാന്റ്- നോൺറോഡ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനിയർ.

കൺവീനർ ശ്രീമതി ഹേമലത കെ. ഹെഡ്മിസ്ട്രസ്.

കരാർ നം.- 1/17-18 തി. 129.05.2017

ബിൽ നം- 17/18 തി 20.11.2017- 1,50,000രൂപ

എം ബുക്ക് നം- 2/17-18

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു

1) മേൽ പറഞ്ഞ പ്രവൃത്തിയിൽ ആധികാരിക രേഖയായ മിനട്സ് ബുക്കിൽ ആദ്യമായി യോഗം കൂടിയ തിയ്യതി 4.4.2017 ആണ്. 5.6.2017 ൽ ചേർന്ന യോഗത്തിൽ പ്രവൃത്തി പൂർത്തിയാക്കിയെന്നും ബിൽ തുക വാങ്ങാൻ കൺവീനറെ യോഗം ചുമതലപ്പെടുത്തുകയും ചെയ്തു.

2) കരാർ ചമച്ച തിയ്യതി 29.5.2017ആണ്. എന്നാൽ മസ്റ്റർ റോൾ പ്രകാരം 20.5.2017 ൽ പണി ആരംഭിക്കുകയും 25.5.2017 ൽ അവസാനിക്കുകയും ചെയ്തു.

3) എം ബുക്ക് പ്രകാരം പ്രവൃത്തി ആരംഭിച്ചത് 6.6.2017 നും അവസാനിച്ചത് 13.6.2017 നും ആണ്.

4) എം ബുക്ക് പ്രകാരം പ്രവൃത്തി അവസാനിച്ചത് 13.6.2017ന് ആണ്. എന്നാൽ മിനട്സിൽ 5.6.2017 ൽ ചേർന്ന യോഗത്തിൽ പ്രവൃത്തി പൂർത്തിയാക്കിയെന്ന് കാണിച്ചിട്ടുണ്ട്.

5) വരവ് ചെലവ് കണക്കുകൾ വിശദമായി രേഖപ്പെടുത്തിയിട്ടില്ല.

6) സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ വെച്ചിട്ടില്ല.

ഈ പ്രവൃത്തിയിലെ പല രേഖകളിലും പരസ്പര വിരുദ്ധമായാണ് കാര്യങ്ങൾ രേഖപ്പെടുത്തിയത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-5 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

പ്രൊജക്ട് നം- 435 /18

അടങ്കൽ- 20,00,000 രൂപ

ചെലവ്- ബിൽ നം. 1/17-18 തി.21.12.2017 – 135000 രൂപ

ബിൽ നം. 2/17-18 തി.21.12.2017 – 52500 രൂപ

2016-17 ൽ ആരംഭിച്ച പ്രൊജക്ട് 2017-18 വർഷം തുടരുകയാണ്. 30 ഗുണഭോക്താക്കൾക്ക് 6250 രൂപ നിരക്കിൽ ആണ് അടവാക്കിയത്. എന്നാൽ ഇതിൽ എത്ര ചെലവഴിച്ചെന്നോ ബാക്കിയെത്രയുണ്ടെന്നോ വ്യക്തമല്ല. എത്ര ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം നൽകാനുണ്ടെന്നോ വ്യക്തമാക്കേണ്ടതാണ്.

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 187500 രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-6 പശു കിടാരി വളർത്തൽ - ഗ്രാമസഭാ മുൻഗണന പ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നില്ല.

പ്രൊജക്ട്- പശു കിടാരി വളർത്തൽ

നം- 309/2018

അടങ്കൽ- 6,60,000

33 പശുക്കുട്ടികളെ വാങ്ങാൻ ആണ് പ്രൊജക്ട് വെച്ചത്. സബ്സിഡി 7500 രൂപയും, ഗുണഭോക്തൃവിഹിതം 12,500 രൂപയുമാണ്. ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടവാക്കേണ്ടതുമുണ്ട്. 6 ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകിയത്.

<u>പ്രൊജക്ട് പ്രകാരമുള്ള അർഹതാമാനദണ്ഡങ്ങൾ</u>

i) ചെറുകിട നാമമാത്ര കർഷകർ ആയിരിക്കണം.
ii) സ്ത്രീ കുടുബനാഥയായിരിക്കണം
iii) മാരകരോഗം ബാധിച്ചവരുള്ള കുടുംബാഗങ്ങൾ എന്നിവർക്ക് മുൻഗണന നൽകണം.

<u>അപേക്ഷാ ഫോറത്തിൽ രേഖപ്പെടുത്തിയ മാർക്ക് വിവരം</u>

| | |
|---|---|
| കാലി വളർത്തൽ മുഖ്യ തൊഴിൽ | 30 |
| വാർഷിക വരുമാന പരിധി 100000 രൂപയിൽ താഴെ | 30 |
| ക്ഷീര സഹകരണ സംഘത്തിൽ അംഗത്വം | 10 |
| വിധവ കുടുംബനാഥ | 10 |
| കുടുംബശ്രീ അംഗത്വം | 5 |
| പുൽകൃഷി ഉണ്ടായിരിക്കണം | 5 |
| കർഷക രജിസ്ട്രേഷൻ നടത്തിയവർ | 10 |

| | |
|---|---|
| ആകെ മാർക്ക് | 100 |

കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) എല്ലാ ഗുണഭോക്താക്കൾക്കും ഇത്തരത്തിൽ മാർക്ക് നൽകി തയ്യാറാക്കിയ മാർക്ക് ലിസ്റ്റ് ഇല്ല. അതിനാൽ ഗുണഭോക്തൃ പട്ടികയിൽ മുമ്പിൽ വന്നവർ തന്നെയാണോ മാർക്കടിസ്ഥാനത്തിലും മുമ്പിൽ വന്നതെന്ന് അറിയാൻ കഴിയില്ല.

2) 26 ാം വാർഡിൽ ഗ്രാമസഭാ ലിസ്റ്റിലെ 9 ാ മത്തെ ക്രമ നമ്പർ കാരനാണ് കിടാരിയെ നൽകിയത്. മറ്റ് 7 പേർക്കും വേണ്ട എന്ന് തീരുമാനിച്ചതിന്റെ സമ്മതപത്രം ലഭ്യമാക്കിയിട്ടില്ല. 8 ാമത്തെ ക്രമനം കാരന്റെ സമ്മതപത്രം മാത്രമാണ് വാങ്ങിയത്.

3) 31 ാം വാർഡിൽ 4 ാമത്തെ ഗുണഭോക്താവിനാണ് ആനുകൂല്യം നൽകിയത്. മറ്റ് 3 പേർക്കും ആനുകൂല്യം വേണ്ട എന്ന് പ്രസ്തുത വാർഡ് കൗൺസിലർ ആണ് നൽകിയത്.

4) 33 ഗുണഭോക്താക്കൾക്കളിൽ 6 പേർ മാത്രമാണ് ധനസഹായം കൈപ്പറ്റിയത്. പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല.

5) അർഹതാമാനദണ്ഡങ്ങൾ പ്രകാരമുള്ള മാർക്കല്ല ഗുണഭോക്താക്കൾക്ക് നൽകിയത്. ഉദാഹരണമായി കർഷക രജിസ്ട്രേഷൻ നടത്താത്തവർക്കും അതിനുള്ള മാർക്ക് നൽകിയിട്ടുണ്ട്.

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/17-18 തി.28.9.18)മറുപടി ലഭ്യമാക്കിയിട്ടില്ല. അർഹരായവർക്കു മാത്രമാണ് ആനുകൂല്യങ്ങൾ നൽകുന്നത് എന്നുറപ്പു വരുത്താൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 3-7 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി ധനസഹായം നൽകി

പ്രൊജക്റ്റ് ഡയരക്ടർ, പി.എ.യു നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവനപുനരുദ്ധാരണപദ്ധതികളിൽ അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതായി കാണുന്നു. ജി ഒ (എം.എസ്)80/17 ത സ്വ ഭ വ തീയതി 3.4.17 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഭവനപുനരുദ്ധാരണത്തിനുള്ള ധനസഹായത്തിന് അർഹതയുള്ളൂ. എന്നാൽ ഭവനനിർമ്മാണം പൂർത്തീകരിച്ച് 8 വർഷമാകാത്ത താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്.

| പ്രൊജക്റ്റ് നം. 25/18, ഭവനപുനരുദ്ധാരണം (ജനറൽ) | | | | | |
|---|---|---|---|---|---|
| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | ചെലവ് തുക, ബിൽനം./ തീയതി | കെട്ടിടനം. | ഭവനനിർമ്മാണം പൂർത്തീകരിച്ച തീയതി |
| 1 | സദാനന്ദൻ, ആറാംപുറത്ത് | 50000 | 500000, ചെക്ക് നം. 1939560/ 27.3.18 | 12/148ബി | 1.4.10 (12ാം വാർഡ് അസസ്സ്മെന്റ് രജിസ്റ്റർ പേജ്33, ക്രമനം. 470) |

| | | | | | |
|---|---|---|---|---|---|
| 2 | യശോദ, മഠത്തിൽ പാറക്കൽ | 50000 | ടി | 1/697സി | 1.4.11 (1ാം വാർഡ് അസസ്സ്മെന്റ് രജിസ്റ്റർ പേജ്33, ക്രമനം. 430) |
| പ്രൊജക്ട് നം. 25/18, ഭവനപുനരുദ്ധാരണം (എസ് സി) | | | | | |
| 3 | തങ്കമണി, ഒതയമംഗലത്ത് | 70000 | 530000, ബിൽ നം. 34/28.3.18 | 6/198എ | 1.10.14 (2014-15 അസസ്സ്മെന്റ് രജിസ്റ്റർ പേജ്73, ക്രമനം. 401) |
| 4 | ലക്ഷ്മി.വി.ടി, വടക്കെ തൊടികയിൽ | 70000 | 202040, ബിൽ നം. 26/20.3.18 | 1/133എ | 17.7.17 (2017-18 അസസ്സ്മെന്റ് രജിസ്റ്റർ പേജ് 51, ക്രമനം. 346) |

സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം അനുവദിച്ചതിന് വിശദീകരണം നൽകിയിട്ടില്ല. അർഹത നിർണ്ണയിക്കുന്നതിലേയും പദ്ധതി വിലയിരുത്തുന്നതിലേയും നടപടിക്രമങ്ങളിലെ വീഴ്ചയാണ് മേൽ അപാകതയ്ക്ക് കാരണം. തുക തിരിച്ച് പിടിച്ച് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## **3-8** പ്രോജക്ട് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച പ്രോജക്ട് നടപ്പാക്കി -

പ്രോജക്ടിന്റെ പേര് - ഇതരസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം

പ്രോജക്ട് നമ്പർ - എസ്.ഒ. 384/18

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

അടങ്കൽ തുക - 50000

ചെലവ് തുക - 50000

ചെക്ക് നമ്പർ - 1939552/ 27.3.18

മുനിസിപ്പൽ പ്രദേശത്തെ ഇതരസംസ്ഥാന തൊഴിലാളികളുടെ ശുചിത്വവും രോഗനിവാരണ മാർഗ്ഗങ്ങളും പകർച്ചവ്യാധി നിയന്ത്രണം എന്നിവ ലക്ഷ്യം വച്ചുകൊണ്ടാണ് പ്രോജക്ട് തയ്യാറാക്കിയത്.ആയതു പ്രകാരം നടത്താനുദ്ദേശിച്ച പ്രവർത്തനങ്ങൾ താഴെ പറയും പ്രകാരമാണ്.

| പ്രവർത്തന വിശദാംശങ്ങൾ | മതിപ്പ് ചെലവ് |
|---|---|
| രോഗനിർണ്ണയം | 30000 |
| ഹെൽത്ത് കാർഡ് വിതരണം-ക്യാമ്പിൽ പങ്കെടുക്കുന്നതിന് | 10000 |
| രോഗികൾക്ക് തുടർചികിത്സ | 10000 |

| | |
|---|---|
| ആകെ | 50000 |

എന്നാൽ ചെലവ് രേഖകൾ പരിശോധിച്ചതിൽ 22.3.18 ന് സർവ്വം കാറ്ററിംഗ് ,അഗസ്ത്യമൂഴി എന്ന സ്ഥാപനത്തിൽ നിന്ന് 1000 പേർക്ക് ചിക്കൻ ബിരിയാണി വാങ്ങി നൽകാൻ 50000/- രൂപ ചെലവഴിച്ചു. ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യം ഉറപ്പാക്കാൻ ഉദ്ദേശിച്ച പ്രോജക്റ്റിന് നീക്കി വച്ച തുക ഉച്ചഭക്ഷണം നല്കാൻ ചെലവാക്കിയത് മൂലം പ്രോജക്റ്റ് ലക്ഷ്യം കണ്ടില്ല.

ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യം ഉറപ്പു വരുത്തി അതു വഴി സമൂഹത്തിൽ പകർച്ച വ്യാധികൾ തടയാനുള്ള പ്രോജക്ട് നടപ്പാക്കിയത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

പ്രോജക്ട് ലക്ഷ്യത്തിനു വേണ്ടിയല്ലാത്ത ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.

## 3-9 കാഴ്ചശക്തി കുറഞ്ഞയാൾക്ക് മുച്ചക്രവാഹനം

പ്രോജക്റ്റിന്റെ പേര് - ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം

പ്രോജക്റ്റ് നമ്പർ - എസ്.ഒ. 375/18

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)

അടങ്കൽ തുക - 300000 (വികസന ഫണ്ട്)

ചെലവ് തുക - 300000

ബിൽ നമ്പർ - 9/14.3.2018

ഭിന്നശേഷിക്കാർക്ക് യാത്ര കൂടുതൽ സുഗമമാക്കുന്നതിന് മുച്ചക്രവാഹനം നല്കുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയത്. ആയതിനായി നാല് ഗുണഭോക്താക്കൾക്ക് മുച്ചക്രവാഹനം നല്കിയതിൽ ഒരു ഗുണഭോക്താവ് സമർപ്പിച്ച വികലാംഗ സർട്ടിഫിക്കറ്റിൽ 75% കാഴ്ചശേഷിക്കുറവുണ്ട് എന്നാണ് കാണിച്ചിട്ടുള്ളത്. യഥാവിധി സഞ്ചരിക്കാൻ സാധിക്കാത്ത ഭിന്നശേഷിക്കാർക്ക് യാത്ര സുഗമമാക്കുന്നതിനാണ് വാഹനം നല്കുന്നതെന്നിരിക്കെ വാഹനം ഓടിക്കാൻ സാധിക്കാത്ത കാഴ്ചശക്തി കുറഞ്ഞയാൾക്ക് വാഹനം നല്കിയതിന്റെ യുക്തി വിശദമാക്കേണ്ടതാണ്. വാഹനം വാങ്ങിയ ആൾക്ക് ആയത് ഓടിക്കാൻ സാധിക്കും എന്നതിന് മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/18 തിയ്യതി 24.09.2018)മറുപടി നൽകിയിട്ടില്ല. ആനുകൂല്യം നൽകുന്നതിന് ചെലവായ തുക 75000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കാഴ്ച ശക്തി കുറഞ്ഞയാൾക്ക് വാഹനം നൽകാനിടയായത് സംബന്ധിച്ച് മറുപടി നൽകേണ്ടതാണ്.

## 3-10 സ്വാപ്പ് ഷോപ്പ് - ലക്ഷ്യം നേടാത്ത പ്രോജക്റ്റ്

പ്രോജക്റ്റിന്റെ പേര് : പോർട്ടബിൾ സ്വാപ്പ് ഷോപ്പ്

പ്രോജക്റ്റ് നമ്പർ : SO 077/18

പ്രോജക്റ്റ് വിഭാഗം : ജനറൽ

അടങ്കൽ : 1,80,000/- (വികസന ഫണ്ട് )

നിർവ്വഹണം : ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി)

ചെലവ് : 86,000/-

ഉപയോഗ യോഗ്യമായ എന്നാൽ നിലവിൽ ഉപയോഗിക്കാത്ത വസ്തുക്കൾ ശേഖരിച്ച് അത്

ആവശ്യമുള്ളവർക്ക് കൈമാറുകയും അതുവഴി മാലിന്യം കുറയ്ക്കുകയും ചെയ്യുക എന്നതായിരുന്നു പ്രോജക്റ്റ് ലക്ഷ്യം. ആയതിനായി മേൽ പ്രോജക്റ്റിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തി.

പോർട്ടബിൾ ടെന്റ് 1,00,000/-, ഫർണ്ണിച്ചർ 50,000/-, സൗണ്ട് സിസ്റ്റം 30,000/-

നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ ടെന്റ് സ്ഥാപിച്ച് ആ പ്രദേശത്തെ മേൽപ്പറഞ്ഞ രീതിയിലുള്ള സാധനങ്ങൾ സൗജന്യമായി ശേഖരിച്ച് ആവശ്യമുള്ളവർക്ക് സൗജന്യമായി കൈമാറുന്നതിനാണ് ഉദ്ദേശിച്ചത്. എന്നാൽ ആദ്യ തവണയൊഴികെ പ്രോജക്റ്റിനായി വാങ്ങിയ സാധനങ്ങൾ പിന്നീട് ഉപയോഗപ്പെടുത്തിയില്ല. കൃത്യമായ ആസൂത്രണമില്ലാതെ നടപ്പാക്കിയ പ്രോജക്റ്റ് ലക്ഷ്യം കണ്ടില്ല. ട്രഷറി ബിൽ ബുക്ക് പ്രകാരം പ്രോജക്റ്റിന് ആകെ 86,000/- രൂപ ചെലവ് ചെയ്തതായി കാണുന്നു.പ്രസ്തുത തുക സാൻസ്കോർപ്പ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകാനായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനം നല്കിയ കാഷ്ബിൽ ലഭ്യമാക്കിയിട്ടില്ല. സ്ഥാപനവുമായി വച്ച എഗ്രിമെന്റ് പ്രകാരം 2 ടെന്റ് നൽകാനായി ഉടമ്പടിയുണ്ട്

ഏതൊക്കെ ഇനം സാധനങ്ങളാണ് വാങ്ങിയത് എന്നതിന് ഫയലിൽ രേഖകൾ ലഭ്യമല്ല. 1 ടെന്റ് , 2 അലമാര , സൗണ്ട് സിസ്റ്റം എന്നിവ മാത്രമാണ് സ്റ്റോക്കിൽ കണ്ടത്. (സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല). അലമാരകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഓഫീസ് ആവശ്യത്തിനുപയോഗിക്കുന്നതായും ടെന്റ് നഗരസഭയുടെ കാർഷെഡിൽ കൂട്ടിയിട്ടതായും സൗണ്ട് സിസ്റ്റം നഗരസഭയുടെ ഓഫിസിൽ വച്ചതായും കണ്ടു മേൽ പ്രോജക്റ്റിനായി വാങ്ങിയ ഉപകരണങ്ങൾ സൂക്ഷിച്ചിരിക്കുന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് വ്യക്തമായ ധാരണയില്ല. വർക്കിംഗ് ഗ്രൂപ്പ് മേൽ പ്രോജക്റ്റ് നിർവ്വഹണം നിരീക്ഷിക്കുകയോ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല.

കൃത്യമായ ആസൂത്രണമില്ലാതെ പ്രോജക്റ്റ് നടപ്പാക്കിയതിനും രേഖകൾ സൂക്ഷിക്കാത്തതിനും വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/18 തി. 28.9.18)മറുപടി നൽകിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ തൻവർഷത്തെ 86000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് പദ്ധതിക്കായി വാങ്ങിയ സാധനങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 3-11 പട്ടിക ജാതിക്കാർക്ക് വാട്ടർ ടാങ്ക്- പ്രോജക്റ്റിലെ അപാകതകൾ

പ്രോജക്റ്റിന്റെ പേര് : പട്ടിക ജാതിക്കാർക്ക് വാട്ടർ ടാങ്ക്

പ്രോജക്റ്റ് നമ്പർ : SO 368/18

പ്രോജക്റ്റ് വിഭാഗം : എസ്സ്.സി.പി

അടങ്കൽ : 6,00,000/- (വികസന ഫണ്ട് - 1,50,000/- ഗുണഭോക്തൃ വിഹിതം - 1,50,000/- (സ്ഥാപനത്തിൽ
അടയ്ക്കുന്നത്), തനത് ഫണ്ട് - 3,00,000/-

നിർവ്വഹണം : ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി)

ചെലവ് : 72,500/- ബിൽ നമ്പർ- 8/17-18 തി. 21.03.2018

75,000/- ബിൽ നമ്പർ- 9/17-18 തി. 21.03.2018

"പട്ടിക ജാതിക്കാർക്ക് വാട്ടർ ടാങ്ക് " എന്ന പ്രോജക്റ്റ് 300 പേർക്ക് ഒരു ടാങ്കിന് 2000/- രൂപ വീതം 6,00,000/- രൂപ അടങ്കൽ തുക വകയിരുത്തിയതാണ്. റീടെണ്ടർ ക്ഷണിച്ചതിൽ വിക്ടോറിയ പോളിഫോം , തൃശ്ശൂർ എന്ന സ്ഥാപനത്തിന്റെ ഒരു ടാങ്കിന് 1500/- രൂപ നിരക്കിലുള്ള കൗൺസിലിന്റെ 2.3.18 ലെ 7ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. ഇതിൻ പ്രകാരം 9.3.18 ന്

4,50,000/- രൂപയ്ക്ക് 300 എണ്ണത്തിന് സപ്ലൈ ഓർഡർ കൊടുത്തിട്ടുണ്ട്.

മേൽ പദ്ധതിയിൽ 15.3.18 വരെ 300 ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതമായ 375/- രൂപ വീതം നഗരസഭയിൽ അടവാക്കിയതായി പറയുന്ന ഗുണഭോക്തൃ ലിസ്റ്റിൽ 375 പേർ ഉൾപ്പെടുന്നുണ്ടെന്നും ഇനിയും കൂടുതൽ പേർ വാട്ടർ ടാങ്കിന് ആവശ്യക്കാരായി വരുന്നുണ്ട് എന്നും പ്രോജക്റ്റിൽ ഒരു ടാങ്കിന് 2000/- വകയിരുത്തിയിട്ടുള്ളത് എന്നാൽ 1500/- രൂപ നിരക്കിൽ ടെണ്ടർ അംഗീകരിച്ചിട്ടുള്ളതിനാൽ 100 വാട്ടർ ടാങ്ക് കൂടി നല്കാനാകുമെന്നതിനാൽ 75 ഗുണഭോക്താക്കൾക്കു കൂടി ആനുകൂല്യത്തിന് കൗൺസിൽ മുമ്പാകെ ആവശ്യപ്പെടാമെന്നുള്ള അഭിപ്രായത്തിന് കൗൺസിലിന്റെ അംഗീകാരം അടുത്ത മീറ്റിങ്ങിൽ ലഭ്യമാക്കുന്നതാണെന്നും അതിനാൽ ടാങ്കുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുവാൻ ചെയർമാൻ നിർദ്ദേശിച്ചിട്ടുണ്ട്.

നഗരസഭയിൽ ആകെ അടവാക്കിയ ഗുണഭോക്തൃവിഹിതം 1,35,000/- രൂപയാണ്. ഒരു ഗുണഭോക്താവ് 375/- രൂപ വീതം 360 ഗുണഭോക്താക്കൾ തുക അടവാക്കിയതായി കാണുന്നു.

23.3.18 ന് 56 ടാങ്കുകൾക്കുകൂടി 84,000/- രൂപയുടെ സപ്ലൈ ഓർഡർ നല്കിയതായി കാണുന്നു. മേൽ പദ്ധതി പ്രകാരം വാട്ടർ ടാങ്ക് നഗരസഭ ഓഫീസിൽ നിന്നും കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ(തിയ്യതി ഇല്ല) ആകെ 342 പേരാണുള്ളത്.

ബിൽ ബുക്ക് പ്രകാരം നം. 8/21.3.18 ന് 72,500/-രൂപയും നം. 9/21.3.18 ന് 75,000/- രൂപയും കൂടി ആകെ 1,47,500/- രൂപ വിക്ടോറിയ പോളിഫോം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇതിൽ സ്ഥാപനം നല്കിയ ബിൽ ഏതെന്ന് വ്യക്തമല്ല.

മേൽ പ്രോജക്റ്റിന് 2017-18 വർഷം 356 ടാങ്കുകൾക്ക് ഓർഡർ നല്കിയതിൽ 100 ടാങ്കുകൾക്ക് ആകെ 1,47,500/- രൂപയാണ് ചെലവഴിച്ചത്. ഈ പ്രോജക്റ്റിനായി 2017-18 വർഷം ചെലവാക്കിയത് എസ്സ്.സി.പി ഫണ്ട് മാത്രമാണ്. 25% ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയിട്ടില്ല. 36875/- രൂപ ഗുണഭോക്തൃ വിഹിതവും 1,10,625/- രൂപ എസ്സ്.സി.പി ഫണ്ടും ഉപയോഗിക്കുന്നതിനു പകരം പൂർണ്ണമായും എസ്സ്.സി.പി. ഫണ്ട് ഉപയോഗിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. കൂടാതെ 75,000/- ചെലവഴിച്ചതിന് സ്ഥാപനം നല്കിയ ബിൽ ലഭ്യമാക്കിയിട്ടില്ല.

അപാകതകളുടെ അടിസ്ഥാനത്തിൽ 147500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവു രേഖകൾ കൃത്യമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-12 കേരളോത്സവം- ചെക്ക് നല്കാതെ ഫയലിൽ സൂക്ഷിക്കുന്നു

പ്രോജക്റ്റിന്റെ പേര് : കേരളോത്സവം/ ഖേലോ ഇൻഡ്യ

പ്രോജക്റ്റ് നമ്പർ : 346/18

അടങ്കൽ : 1,00,000/-(തനത് ഫണ്ട്)

നിർവ്വഹണം : ഹെൽത്ത് ഇൻസ്പെക്ടർ (മുനിസിപ്പാലിറ്റി)

ചെലവ് : 73,423/-

കേരളോത്സവം എന്ന പ്രോജക്റ്റ് നടത്തിപ്പിൽ ചെലവ് വന്ന തുകയിൽ താഴെ പറയുന്ന വ്യക്തികൾക്ക് കൊടുക്കാനുണ്ടായിരുന്ന 13.3.18 ലെ 19,610/- രൂപയുടെ 7868365 നമ്പർ ചെക്ക് നൽകാതെ ഫയലിൽ സൂക്ഷിച്ചിരിക്കുന്നു.

| | |
|---|---|
| പി.പ്രശോഭ്കുമാർ | 7400 |

| | |
|---|---|
| ജെസി രാജൻ | 5550 |
| വിജയൻ മാസ്റ്റർ | 6660 |

ആകെ 19610/- രൂപ നല്കാതെ ഫയലിൽ സൂക്ഷിക്കുന്നത് ക്രമവിരുദ്ധമായ നടപടിയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/18തി. 28.9.18) മറുപടി നൽകിയിട്ടില്ല. ആറുമാസത്തിലേറെയായിട്ടും അവകാശമുന്നയിക്കാത്ത ചെക്ക് പ്രകാരമുള്ള ചെലവ് റദ്ദ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-13 ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം നഗരസഭയിലുണ്ടായിരുന്ന മുൻ ഗ്രാമ പഞ്ചായത്തിലെ ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

| ഗഡു | വൗച്ചർ നം, തീയതി | തുക |
|---|---|---|
| I | 21700298/15.6.17 | 193922 |
| II | 21700636/21.10.17 | 112924 |
| | 21700635/21.10.17 | 17646 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ പുതുക്കിയ നിരക്കിൽ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. 1, 2 ഗഡുക്കൾ നൽകിയ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. ജീവനക്കാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| പേര് | ഉദ്യോഗപ്പേര് |
|---|---|
| വിജയൻ.എം | അക്കൗണ്ടന്റ് |
| സാജൻ എൻ എസ് | ക്ലാർക്ക് |
| സുന്ദരൻ സി കെ | സീനിയർ ക്ലാർക്ക് |
| ബിന്ദു സി | സീനിയർ ക്ലാർക്ക് |
| യൂസഫ് കെ | സീനിയർ ക്ലാർക്ക് |
| ഗീത പി | സീനിയർ ക്ലാർക്ക് |

| | |
|---|---|
| ബിനോരാജ് എം | ക്ലാർക്ക് |
| രേഖ പി | ഓഫീസ് അസിസ്റ്റന്റ് |
| കെ രാധാകൃഷ്ണൻ | പി ടി എസ് |
| ജ്ഞൈന പി സി | പി ടി എസ് |

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ്. തുടർന്നുള്ള ഗഡുക്കൾ നൽകുമ്പോഴും ഇപ്രകാരമുള്ള തുക അടവാക്കേണ്ടതാണ്.

## 3-14 പിഎംഎവൈ - ഭവന നിർമ്മാണത്തിന് പല പ്രോജക്ടുകൾ - തുക ചെലവഴിച്ചതിന് രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

നിർവ്വഹണം - സെക്രട്ടറി

പി.എം.എ.വൈ പദ്ധതികൾക്ക് താഴെ പറയും വിധം 4 പ്രോജക്ടുകൾ ഉണ്ടാക്കിയിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ | ഫണ്ട് |
|---|---|---|
| 15/18 പിഎംഎവൈ വിഹിതം | 3242500 | ധനകാര്യകമ്മീഷൻ വിഹിതം |
| 431/18 പിഎംഎവൈ ജനറൽ വിഹിതം | 583177<br>2842500 | വികസനഫണ്ട്<br>തനത് ഫണ്ട് |
| 457/18 പിഎംഎവൈ രണ്ടാം ഡിപിആർ | 8840000<br>26250000 | വികസനഫണ്ട്<br>കേന്ദ്ര ഫണ്ട് |
| 463/18 പിഎംഎവൈ നഗരസഭ വിഹിതം | 1216129<br>100000 | വികസനഫണ്ട്<br>തനത് ഫണ്ട് |

എന്നാൽ മേൽ പ്രോജക്ടുകളിൽ ഓരോന്നിന്റെയും ചെലവു വിവരങ്ങൾ, ഓരോ തവണയും ആർക്ക്, എത്രാമത്തെ ഗഡു കൊടുത്തു എന്നതിന് രേഖകളില്ല. സ്റ്റേജ് സർട്ടിഫിക്കറ്റ്, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവയില്ല. ആയത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നാലു പ്രോജക്ടുകളിലേയും രേഖകൾ പരസ്പരബന്ധമില്ലാതെ വേറിട്ട് കടലാസുകളായി കെട്ടിവച്ചതായി കണ്ടു. പൊതു ഭരണം കാര്യക്ഷമമാക്കാൻ ഇടപെടേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു. ഓഫിസ് ഉത്തരവുകൾ പ്രകാരം മിഡിൽ ലെവൽ ഓഫീസ് മാനേജ്മെന്റ് നഗരസഭയിൽ കൃത്യമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല. ഐകെഎം പത്രിക പ്രകാരം പദ്ധതിക്ക് 1,38,62,177/- രൂപയാണ് ചെലവ്. എന്നാൽ പിഎംഎവൈ ഭവന നിർമ്മാണത്തിനായി

ഐസിഐസിഐ ബാങ്കിൽ സൂക്ഷിക്കുന്ന അക്കൗണ്ടിൽ നിന്നും പ്രോജക്ടിലുൾപ്പെടുത്താതെ 5,94,00,000/- രൂപയോളം നേരിട്ട് നൽകുന്നതായി കണ്ടു. രജിസ്റ്ററിൽ ഓരോ ഗുണഭോക്താവിനും നൽകുന്ന തുകയും ഗഡുവും രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഏത് പ്രോജക്ടിൽ നിന്ന്/ഏത് ഫണ്ടിൽ നിന്ന് എന്ന് വ്യക്തമല്ല.

രേഖകൾ കൃത്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

## 3-15 വാങ്ങൽ നടപടിക്രമങ്ങളിലെ അപാകം

നഗരസഭയിലെ വിവിധ ആവശ്യങ്ങൾക്കുള്ള വാങ്ങൽ നടപടിക്രമങ്ങളിൽ താഴെ പറയുന്ന അപാകതകൾ കണ്ടു

1. ഒരേയിനം സാധനങ്ങൾക്കുള്ള വാങ്ങലുകൾക്ക് വിവിധ രീതിയിലുള്ള വാങ്ങൽ നടപടി ക്രമം

സാമ്പത്തിക വർഷം നടത്തിയ വാങ്ങലുകളിൽ ഒരേയിനം സാധനങ്ങൾ വാങ്ങാൻ വിവിധ വാങ്ങൽ രീതികൾ അവലംബിക്കുന്നതായി കണ്ടു. ചില ഉദാഹരണം താഴെ കൊടുക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഇനം | ഒന്നിന്റെ വില | വാങ്ങിയ എണ്ണം | വാങ്ങൽ നടപടി ക്രമം | സപ്ലൈ ചെയ്ത സ്ഥാപനം |
|---|---|---|---|---|---|
| ഐസിഡിഎസ് സൂപ്പർവൈസർ | കമ്പ്യൂട്ടർ ഡെസ്ക് ടോപ്പ് ഏസർ വെരിട്ടോൺ core i3 7/4GB/ 1TB/ 18.5 /DVD | 33743 | 2 | ടെണ്ടർ | നിസ്ഡൻ ഇൻഫോവേ |
| | കമ്പ്യൂട്ടർ ഡെസ്ക് ടോപ്പ് | 44544 | 1 | ടെണ്ടർ | ബിസേർ |
| ഐസിഡിഎസ് സൂപ്പർവൈസർ | പ്രിന്റർ SP III407420/Ricoh | 8400 | 2 | ടെണ്ടർ | നിസ്ഡൻ ഇൻഫോവേ |
| | പ്രിന്റർ/copier കാനൺ ലേസർ പ്രിന്റർ | 36000 | 1 | | |
| സെക്രട്ടറി | ഫോട്ടോ കോപ്പിയർ | 142500 | 1 | ടെണ്ടർ | Xerotech business system |
| പ്രിൻ സിപ്പാൾ | സൈക്കിൾ (ബോയ്സ്) | 3990 | 1 | ക്വട്ടേഷൻ | റെയിൻബോ സ്റ്റോർസ് |
| | സൈക്കിൾ(ഗേൾസ്) | 3979 | 54 | ടെണ്ടർ | ഉദയ സൈക്കിൾ മാർട്ട് |
| | സൈക്കിൾ (ബോയ്സ്) | 3769 | 64 | -ടി- | -ടി- |
| | ലാപ്ടോപ്പ് | 28990 | 100 | നേരിട്ട് | കെൽട്രോൺ |
| | ലാപ്ടോപ്പ് | 30496 | 15 | ടെണ്ടർ | നിസ്ഡൻ |

| | | | | | |
|---|---|---|---|---|---|
| | | | | | ഇൻഫോവേ |
| സെക്രട്ടറി | ലാപ് ടോപ്പ് (പി.എം.എ.വൈ.യ്ക്ക് വേണ്ടി പ്രോജക്ടിലു ൾപ്പെടുത്താതെ ) | 37400 | 1 | ക്വട്ടേഷൻ | ശ്രേയസ്സ് കമ്പ്യൂട്ടർ |
| | സ്കാനർ (കാനൺ lide 120 (ഓഫീസിലേക്ക് പ്രോജക്ടിലുൾപ്പെടുത്താ തെ ) | 4350 | 1 | ക്വട്ടേഷൻ | ബിസേർ പവർ സൊലൂഷൻ |
| | സ്കാനർ (കാനൺ lide 120(ഹെൽത്ത്, എഞ്ചിനീയർ ഓഫീസിലേക്ക് പ്രോജക്ടി ലുൾപ്പെടുത്താതെ ) | 4350 | 2 | ക്വട്ടേഷൻ | ബിസേർ പവർ സൊലൂഷൻ |

പ്രോക്യൂർമെന്റ് പ്ലാനും ബഡ്ജറ്റുമില്ലാതെ പല നിരക്കിൽ പല രീതിയിലാണ് നഗരസഭയിൽ വാങ്ങലുകൾ നടത്തുന്നത് . ഈ നടപടി ക്രമവിരുദ്ധമാണ്. വർഷാരംഭത്തിൽ തന്നെ വർഷത്തെ ആകെ ആവശ്യകതയും ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനും നിർണ്ണയിച്ച് സുതാര്യമായ വാങ്ങലുകൾ നടത്താത്തത് നഗരസഭയ്ക്ക് ധന നഷ്ടത്തിന് കാരണമാകും

2)അഞ്ച് ലക്ഷം രൂപയിലധികമുള്ള വാങ്ങലുകൾക്ക് ഇ ടെണ്ടർ നടപടി സ്വീകരിക്കുന്നില്ല.

12.5.2015 ലെ ജിഒ(എംഎസ്)13/2015 ITD ഉത്തരവു പ്രകാരം 5 ലക്ഷം രൂപയും അതിലധികവും വരുന്ന വാങ്ങലുകൾ ഇ ടെണ്ടർ മുഖേനയാണ് നടത്തേണ്ടത്. എന്നാൽ മുക്കം നഗരസഭയിലെ 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

വാങ്ങൽ നടപടിക്രമങ്ങളിൽ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 3-16 കുഴൽ കിണറിന് ഡെപ്പോസിറ്റ് പ്രോജക്ടില്ല – ഡെപ്പോസിറ്റ് ഹെഡിലുൾപ്പെടുത്താതെ നേരിട്ട് പണം നല്കി

നഗരസഭയിൽ കുഴൽ കിണറുകൾ നിർമ്മിക്കുന്നതിന് താഴെ പറയും വിധം ഭൂജല വകുപ്പിലേക്ക് അടവാക്കിയിട്ടുണ്ട്.

വൗച്ചർ നം.- 21701042/22.2.18 40250,വട്ടോളിപ്പറമ്പ് കുഴൽ കിണർ

വൗച്ചർ നം. 21701043/22.2.18 36350,മൃഗാശുപത്രി കുഴൽ കിണർ

ഭൂജല വകുപ്പിന്റെ ജില്ലാ ഓഫീസറുടെ കത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ പറഞ്ഞ വിധത്തിൽ തുക അടവാക്കിയത്. ഔദ്യോഗിക രശീതി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഇത്തരത്തിലൊരു പദ്ധതി രൂപീകരിക്കാതെ റവന്യൂ ചെലവ് എന്ന രീതിയിലാണ് തുക അടവാക്കിയത്. പ്രവൃത്തി ആരംഭിക്കുന്നതിനു മുൻപു തന്നെ മുഴുവൻ തുകയും അടവാക്കി, തുക അടവാക്കിയത് ഡെപ്പോസിറ്റ് ഹെഡ്ഡിലല്ല. വിശദമായ എസ്റ്റിമേറ്റ്, ടിഎസ് കരാർ എന്നിവയില്ല. തുക അടവാക്കിയെങ്കിലും കുഴൽ കിണർ കുഴിച്ചതിനും ഉപയോഗപ്പെടുത്തുന്നതിനും രേഖകളില്ല. കുഴൽ കിണറുകൾ കുഴിച്ചതിന്റെയും

ഉപയോഗപ്പെടുത്തുന്നതിന്റെയും വിവരം അറിയിക്കേണ്ടതാണ്.

## 3-17 അംഗൻവാടി നിർമ്മാണത്തിന് ഡെപ്പോസിറ്റ് - നടപടികൾ പൂർണ്ണമാക്കിയില്ല

നിർവ്വഹണം - ഐസിഡിഎസ് സൂപ്പർവൈസർ

പ്രോജക്ട് – 458/18 ചേന്ദമംഗലൂർ അംഗനവാടി

അടങ്കൽ - 580000 വികസനഫണ്ട്

ചെലവ് – 580000

പ്രോജക്ട് – 456/18 സിഎച്ച്സി അംഗൻവാടി കെട്ടിട നിർമ്മാണം വിഹിതം നൽകൽ

അടങ്കൽ – 580000 വികസനഫണ്ട്

ചെലവ് – 580000

സാമൂഹ്യ നീതി ഡയറക്ടറുടെ 25.3.17 ലെ ICDS/A2-173/16 നം ഉത്തരവു പ്രകാരം 60% തുക സാമൂഹ്യ നീതി വകുപ്പും 40% തുക തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കണമെന്ന നിബന്ധനയിലാണ് മേൽ പ്രോജക്ട് തയ്യാറാക്കിയത്. രണ്ട് അംഗൻവാടികളുടെ നിർമ്മാണമാണ് മേൽ പ്രോജക്ടുകൾ വിഭാവനം ചെയ്തത് ആയതു പ്രകാരം ഒരു അംഗൻവാടിക്ക് 580000 രൂപ വീതമാണ് വകയിരുത്തിയത്. മേൽപ്പറഞ്ഞ രീതിയിൽ തുക പിൻവലിച്ച് ആകെ 1160000 രൂപ പി. ഡബ്ല്യു. ഡി കെട്ടിട വിഭാഗത്തിന് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സൂക്ഷിക്കേണ്ട താഴെ പറയുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1. പ്രോജക്ട് പ്രകാരമുള്ള നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ്, സാങ്കേതികാനുമതി
2. പിഡബ്ല്യുഡിയുമായി ചമച്ച കരാർ
3. തുക ലഭിച്ചതിന് ഔദ്യോഗിക രശീത്.

2018 മാർച്ച് മാസത്തിൽ തന്നെ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും ഓഡിറ്റ് നടക്കുന്ന 2018 സെപ്റ്റംബർ മാസത്തിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കേണ്ടതും പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്

മേൽപ്പറഞ്ഞ രേഖകൾ സൂക്ഷിക്കാത്തതിനും പ്രവൃത്തി പുരോഗതിവിവരം ലഭ്യമാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-18 ജീവനക്കാരുടെ ആദായനികുതി റിട്ടേൺ - ഇളവുകൾക്ക് ഒറിജിനൽ രേഖകൾ വാങ്ങിയില്ല

ജീവനക്കാർ ആദായനികുതി റിട്ടേൺ സമർപ്പിക്കുമ്പോൾ ശമ്പളത്തിൽ നിന്നു പിടിക്കുന്ന തുകകൾക്ക് പുറമെയുള്ള ചെലവുകൾക്കായി ഇളവുകൾക്ക് അവകാശമുന്നയിക്കുമ്പോൾ ആയത് തെളിയിക്കുന്ന രേഖകൾ റിട്ടേണിനോടൊപ്പം സ്ഥാപന മേധാവി വാങ്ങി സൂക്ഷിക്കേണ്ടതാണ് . എന്നാൽ മുക്കം നഗരസഭയിലെ താഴെ പറയുന്ന ജീവനക്കാരുടെ റിട്ടേണിനോടൊപ്പമുള്ള ഇളവുകൾക്കായി ഒറിജിനൽ

രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല.

| ജീവനക്കാരന്റെ പേര് ഉദ്യോഗപ്പേര് | ഇളവുകൾ ആവശ്യപ്പെട്ട ഇനം | തുക |
|---|---|---|
| കെ ഇന്ദിര, സൂപ്രണ്ട് | NSC സർട്ടിഫിക്കറ്റ്<br>ടാക്സ് സേവർ ഡിപ്പോസിറ്റ്<br>ഹൗസ് ലോൺ പലിശ | 50000<br>12000<br>1175 |
| മധുസൂദനൻ.കെ,ഹെൽത്ത് ഇൻസ്പെക്ടർ | ഹൗസ് ലോൺ പലിശ | 64201 |
| രാജേഷ്.എ , റവന്യൂ ഇൻസ്പെക്ടർ<br>(പേ റിവിഷൻ കുടിശ്ശിക വരുമാനമായി കാണിച്ചില്ല) | ഹെൽത്ത് ഇൻഷൂറൻസ്<br>എൽഐസി പോളിസി നേരിട്ട് നല്കുന്നത്<br>ടാക്സ് സേവർ ഡിപ്പോസിറ്റ്<br>ട്യൂഷൻ ഫീ | 11730<br>20254<br>33141<br>31600 |
| സതീഷ് എസ് JHI | ഹൗസ് ലോൺ പലിശ<br>എൽഐസി പോളിസി നേരിട്ട് നല്കുന്നത്<br>ട്യൂഷൻ ഫീ<br>ഹൗസ് ലോൺ തിരിച്ചടവ് | 58846<br>19160<br>7850<br>55971 |

ജീവനക്കാർ നൽകുന്ന റിട്ടേണുകളിൽ ആവശ്യമായ രേഖകൾ വാങ്ങേണ്ടതും തൻവർഷം കൈപ്പറ്റിയ മുഴവൻ തുകയ്ക്കും ആദായ നികുതി നൽകിയത് ഉറപ്പ വരുത്തേണ്ടതുമാണ്

## **3-19** വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - കോഴ്സ് സർട്ടിഫിക്കറ്റും മറ്റ് രേഖകളുമില്ല

പ്രോജക്ട് 342/18 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്

നിർവ്വഹണം - പ്രിൻസിപ്പാൾ , ഗവ. ഹയർ സെക്കന്ററി സ്കൂൾ

അടങ്കൽ - 2782000 വികസന ഫണ്ട് എസ് സി പി

ചെലവ് - 2782000 ബിൽ 11/17-18 22.3.18

117000 ചെക്ക് 1939530/21.3.18

2899000

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയത്. 3.4.17 ലെ ജി.ഓ.(എംഎസ്) 80/ 2017/ തസ്വഭവ ഉത്തരവു പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക. 11.8.6 പ്രകാരം വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവിയിൽ നിന്നും ആനുകൂല്യം നല്കുന്ന വർഷം വിദ്യാർത്ഥി ആണെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ട്. പാരലൽ കോളജ് വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കേണ്ടതുണ്ട്.

എന്നാൽ മേൽപ്രോജക്ട് പ്രകാരം വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകിയെങ്കിലും മേൽപ്പറഞ്ഞ രീതിയിലുള്ള സർട്ടിഫിക്കറ്റോ അപേക്ഷയോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മേൽ പ്രോജക്ട് മോണിട്ടറിംഗ് നടത്തിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ 2899000/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-20 ഇ.എം.ഡി ആയി ലഭിച്ച ഡി.ഡി പണമാക്കാതെ സൂക്ഷിക്കുന്നു

27.08.2010 ലെ 80/2010/ധന. നമ്പർ സർക്കുലർ പ്രകാരം ഡിമാന്റ് ഡ്രാഫ്റ്റായി സ്വീകരിക്കുന്ന ഇ.എം.ഡി.,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഫയലിൽ സൂക്ഷിച്ച് കാലഹരണപ്പെടുത്താതെ അക്കൗണ്ടിൽ നിക്ഷേപിച്ച് സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട് . യഥാസമയം തുക ക്ലെയിം ചെയ്യാതെ ഡിമാന്റ് ഡ്രാഫ്റ്റ് ഫയലിൽ സൂക്ഷിച്ചുവച്ചുവയ്ക്കുന്നത് തുക കാലഹരണപ്പെടുന്നതിനിടയാക്കും . എന്നാൽ ആയതിനു വിരുദ്ധമായി താഴെ പറയും വിധം ഡിമാന്റ് ഡ്രാഫ്റ്റുകൾ ഫയലിൽ സൂക്ഷിക്കുന്നതായി കണ്ടു

| നിർവ്വഹണം | പ്രോജക്ട് | ഡിഡി നം | തുക |
|---|---|---|---|
| മെഡിക്കൽ ഓഫീസർ സി.എച്ച് .സി | സി.എച്ച്.സി യുടെ നിലവാരം മെച്ചപ്പെടുത്തൽ | 626860/ 1.11.17, | 1500 |
| | | 626861/ 1.11.17 | 1500 |
| പ്രിൻസിപ്പാൾ ഹയർ സെക്കന്ററി സ്കൂൾ നിലേശ്വരം | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ | 677023/ 21.5.18 | 14370 |
| | സമഗ്രവിദ്യാഭ്യാസ പദ്ധതി | 775748/ 30.10.17 | 1000 |
| ഹെൽത്ത് ഇൻസ്പെക്ടർ | ഖരമാലിന്യ സംസ്കരണം | 670365/ 7.3.18 | 8000 |

ഡിമാന്റ് ഡ്രാഫ്റ്റുകൾ പണമാക്കി അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ്

## 3-21 ഔഷധിക്ക നല്കിയ മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല.

പ്രോജക്റ്റിന്റെ പേര് : ആയുർവേദ മരുന്ന് വാങ്ങൽ

പ്രോജക്റ്റ് നമ്പർ : SO021/18

പ്രോജക്റ്റ് വിഭാഗം : ജനറൽ

അടങ്കൽ : 6,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (ആയുർവേദം)

ചെലവ് : 3,00,000/- ബിൽ നമ്പർ- 1/17-18 തിയ്യതി 19.10.2017

3,00,000/- ബിൽ നമ്പർ- 2/17-18 തിയ്യതി 19.10.2017

മുക്കം മുനിസിപ്പാലിറ്റി 2017-18 വർഷം നടപ്പാക്കിയ " ആയുർവേദ മരുന്ന് വാങ്ങൽ " എന്ന പ്രോജക്റ്റ് പ്രകാരം ജി.എ.ഡി. വെണ്ണക്കോടിനും ജി.എ.ഡി. നീലേശ്വരത്തിനും 3 ലക്ഷം രൂപ വീതം ആകെ 6 ലക്ഷം രൂപയുടെ മരുന്ന് ഔഷധിയിൽ നിന്ന് വാങ്ങാൻ വകയിരുത്തിയതാണ്. 19.10.2017 ന് ഔഷധിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് 6 ലക്ഷം രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ജി.എ.ഡി. വെണ്ണക്കോടിന് 2,79,659/- രൂപയുടേയും ജി.എ.ഡി. നീലേശ്വരത്തിന് 2,79,072/- രൂപയുടെ മരുന്നുമാണ് ലഭിച്ചത്. ബാക്കി 41,269/- രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്. ആയത് ഓഡിറ്റ് തിയ്യതി വരെ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 20929 രൂപയുടെ മരുന്ന് 18.09.2018 ന് ലഭ്യമായതായി അറിയിച്ചു. ബാക്കി തുകയ്ക്കുള്ള മരുന്ന് ലഭ്യമായ വിവരം അറിയിക്കേണ്ടതാണ്.

## 3-22 എസ്എസ്എ വിഹിതം - എസ്എസ്എയുടെ പ്രോജക്ട് ലഭ്യമാക്കാതെ തുക നല്കി

പ്രോജക്ട് – 303/18 എസ്.എസ്.എ വിഹിതം

അടങ്കൽ – 30 ലക്ഷം വികസന ഫണ്ട്

ചെലവ് – 30 ലക്ഷം ബിൽ നം 1/17-18 18.7.17

എസ്.എസ്.എ പ്രോജക്ടിനുള്ള നഗരസഭ വിഹിതമായി 30 ലക്ഷം രൂപ അടവാക്കിയിട്ടുണ്ട്. എസ്.എസ്.എ നഗരസഭയിൽ നടത്താനുദ്ദേശിക്കുന്ന പ്രോജക്ടുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. ആകെ പ്രോജക്ട് തുകയുടെ നിശ്ചിത ശതമാനം തുകയാണ് നഗര സഭ നൽകേണ്ടതെന്നിരിക്കേ ആയതിന്റെ വിവരം ലഭ്യമാക്കാതെ തുക അനുവദിച്ചതെങ്ങിനെയെന്ന് വ്യക്തമല്ല. അനുവദിച്ച തുക വിനിയോഗിച്ചതിന്റെ വിവരവും നഗരസഭാ പ്രദേശത്തുള്ള വിദ്യാലയങ്ങളിൽ എസ്.എസ്.എ നടത്തിയ പ്രോജക്ടുകളുടെ ആകെ ചെലവു വിവരവും ലഭ്യമല്ല.

പ്രോജക്ട് നടപ്പാക്കുന്നതിനു മുൻപ് നഗരസഭാ ഭരണ സമിതിയുമായി ചർച്ച ചെയ്തതിന് രേഖകളില്ല.

അപാകതകൾക്ക് വിശദീകരണം നൽകിയിട്ടില്ല. എസ്.എസ്.എ പ്രോജക്ടുകൾ ഭരണസമിതിയുമായി കൂടി ചർച്ച ചെയ്യേണ്ടതാണ്. പ്രോജക്ട് വിഹിതം നിർണ്ണയിച്ചതിന്റെയും ആകെ ചെലവിന്റെയും വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 3-23 അഗതി ആശ്രയ ഫണ്ട് പദ്ധതിക്ക് കൈമാറാതെ മുനിസിപ്പൽ ഫണ്ടിൽ സൂക്ഷിക്കുന്നു.

ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി 497740 രൂപ 16.11.2017 ന് (ചെക്ക് നം 2944327) ലഭിച്ചിട്ടുണ്ട്. എന്നാൽ ആയത് നാളിതുവരെ നിർവ്വഹണം നടത്തുന്ന സി.ഡി.എസിന് കൈമാറിയിട്ടില്ല. പദ്ധതിയുടെ രണ്ടാംഘട്ട നിർവ്വഹണം മുൻ വർഷത്തിൽ തന്നെ ആരംഭിക്കേണ്ടതായിരുന്നുവെങ്കിലും സർവേ നടപടികൾ പോലും ആരംഭിച്ചിട്ടില്ല. അഗതികൾക്ക് സഹായമെത്തിക്കാൻ ലഭിച്ച തുക മാസങ്ങളോളം മുനിസിപ്പൽ ഫണ്ടിൽ സൂക്ഷിക്കുന്നതിന് വിശദീകരണം നൽകിയിട്ടില്ല. തുക കൈമാറി രണ്ടാംഘട്ട പദ്ധതി നിർവ്വഹണം ആരംഭിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

പിഡബ്ല്യുഡി കെട്ടിട വിഭാഗത്തിന് രണ്ട് അംഗനവാടികൾ നിർമ്മിക്കാൻ 11,60,000 രൂപയും (ഐ.സി.ഡി.എസ് സൂപ്പർവൈസർ) താഴേക്കോട് മിച്ചഭൂമി റോഡിലെ 7 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിന് കെ.എസ്.ഇ.ബി.ക്ക് 30473/-രൂപയും (സെക്രട്ടറി) രണ്ട് കുഴൽ കിണറുകൾ നിർമ്മിക്കാൻ ഭൂജല വകുപ്പിന് 76600 രൂപയും (സെക്രട്ടറി) നൽകിയിട്ടുണ്ടെങ്കിലും ആയത് ഡെപ്പോസിറ്റ് ഹെഡിലല്ല നൽകിയത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | സ.ഉ.1813/09 തസ്വഭവ 20.7.09 | | 51515558 | 1113532 | 476173 | 4327838 |
| ഇ.എം.എസ് വായ്പ | സ.ഉ.സാ.407/10 തസ്വഭവ.5.2.10 | | 2148857 | | | 2148857 |

## 4-5 സ്ഥിര നിക്ഷേപം

2016 മെയ് മാസത്തിൽ പുതുക്കേണ്ടിയിരുന്ന സ്ഥിര നിക്ഷേപങ്ങൾ പുതുക്കാത്തതിനെക്കുറിച്ച് പരാമർശമുണ്ടായിരുന്നു അതേ തുടർന്ന് നാല് ബാങ്കുകളിലായുണ്ടായിരുന്ന സ്ഥിര നിക്ഷേപം പിൻവലിച്ച് കേരളാ ഗ്രാമീൺ ബാങ്കിൽ 2 സ്ഥിര നിക്ഷേപങ്ങളാക്കി. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പൂർണ്ണ വിവരങ്ങളുൾപ്പെടുത്തി എഴുതാത്തതിനാൽ 2017-18 വർഷാവസാനത്തെ കൃത്യ വിവരങ്ങൾ ലഭ്യമല്ല.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കേരളാ ഗ്രാമീൺ ബാങ്ക് | 28.12.17 | 180 ദിവസം | 4800000 | |
| 2 | കേരളാ ഗ്രാമീൺ ബാങ്ക് | 10.1.18 | 180 ദിവസം | 4575291 | |
| ആകെ | | | | 9375291 | |

തുക വാർഷിക കണക്കിലെ സ്ഥിരനിക്ഷേപ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തായിരുന്ന കാലഘട്ടത്തിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-01 | 48 | 2003-04 | പൊതു പരാമർശം 1 | കളിമൺപാത്ര യൂണിറ്റ് പ്രവർത്തനമാരംഭിച്ചില്ല |
| 2001-02 പ്ലാൻ | 16 | 2003-04 | പൊതു പരാമർശം 3 | വ്യക്തികൾ വിട്ടുകൊടുത്ത ഭൂമിയിൽ നടപടിക്രമങ്ങൾ പാലിക്കാതെ നിർമ്മാണം |
| 2001-02 | 18 | 2003-04 | പൊതു പരാമർശം 4 | കുടിവെള്ള പദ്ധതികൾ പരിപാലന കമ്മിറ്റികൾക്ക് കൈമാറിയില്ല. |

| | | | | |
|---|---|---|---|---|
| 2000-01 | 32 | 2003-04 | പൊതു പരാമർശം 7 | നികുതി പിരിവിലെ അലംഭാവം വൻതുക കാലഹരണപ്പെട്ടു. |
| 2001-02 | - | 2004-05 | പൊതു പരാമർശം 3 | നികുതി പിരിവിലെ അലംഭാവം കുടിശ്ശിക പെരുകുന്നു |
| 2002-03 | 3-11 | 2005-06 | പൊതു പരാമർശം 70(5) | നിക്ഷേപ വേലകൾ പൂർത്തിയാക്കിയില്ല 220950<br>(ഒഴിവാക്കാൻ ശുപാർശ ചെയ്തു) |
| 2003-04 | 3-11 | 2005-06 | 70(8) | കുടിവെള്ള പദ്ധതികൾ പഞ്ചായത്തുകൾക്ക് ബാദ്ധ്യതയാവുന്നു 38527<br>(ഒഴിവാക്കാൻ ശുപാർശ ചെയ്തു) |
| 2002-03 | 2 | 2005-06 | 70(14) | നികുതി പിരിവിലെ അലംഭാവം കുടിശ്ശിക പെരുകുന്നു |
| 2003-04 | 3-3 | 2005-06 | 74 | വരൾച്ചാ ദുരിതാശ്വാസം 1.2 ലക്ഷം ദുർവ്യയം<br>(തുക ഈടാക്കാൻ RR നടപടി, റിപ്പോർട്ട് നൽകാൻ ശുപാർശ) |
| 2004-05 | 2-7 | 2006-07 | 3.79.1 | ബസ് സ്റ്റാന്റ് ഫീസ്, മാർക്കറ്റ് ഫീ 90-91 മുതൽ കുടിശ്ശിക |
| 2004-05 | 3-15 | 2006-07 | 3.79.19 | ടാറിന് അധികനിരക്ക് നൽകി |
| | 3-16 | 2006-07 | 3.79.19 | മണ്ണ് പ്രവൃത്തി അപാകതകൾ |
| 2007-08 | 3-16 | 2009-10 | 3.2.1 | അസാധാരണചെലവ് സർക്കാർ ഉത്തരവ് പ്രകാരമുള്ള പരിധിയും നിബന്ധനയും പാലിച്ചില്ല. |
| 2007-08 | 3-21 | 2009-10 | 3.8.11 | മുക്കം ബസ് സ്റ്റാന്റ് യാർഡ് നവീകരണം പ്രവൃത്തി നടത്തിപ്പിൽ ക്രമക്കേട് |
| 2009-10 | 3-1 | 2011-12 | 2.7.3 | ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിഷ്ക്രിയം |
| | | 2013-14 | 5.3.5.4 | വനിതാ വ്യവസായ കേന്ദ്രം |
| | | 2013-14 | 5.1.5.10 | കുടുംബശ്രീ മൈക്രോ സംരംഭങ്ങൾ |

| | | | | |
|---|---|---|---|---|
| | | 2014-15 | 4.1.8 | ആസ്തികൾ കാട്ടു പിടിച്ച് കിടക്കുന്നു |
| | | 2015-16 | 4.1.1 | അക്കൗണ്ടിംഗ് സമ്പ്രദായം അടിസ്ഥാന സൗകര്യങ്ങൾ |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 203973026 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 199686961 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 315596 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4943457 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 5986 | ശ്രീമതി ധന്യ.സി ആർ മുനിസിപ്പൽ എഞ്ചിനീയർ |
| 3-7 | | 240000 | ശ്രീ.സതീഷ്.എസ്, ജെഎച്ച്ഐ |
| 3-8 | | 50000 | ഡോ . ആലിക്കുട്ടി, മെഡിക്കൽ ഓഫീസർ സിഎച്ച്സി |
| 3-12 | | 19610 | ശ്രീ മധുസൂദനൻ ഹെൽത്ത് ഇൻസ്‌പെക്ടർ |
| | | 315596 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 388457 | ശ്രീമതി ധന്യ.സി ആർ മുനിസിപ്പൽ എഞ്ചിനീയർ |
| 3-5 | 187500 | ഡോ വേലായുധകുമാർ വെറ്ററിനറി സർജ്ജൻ |
| 3-9 | 75000 | ഡോ . ആലിക്കുട്ടി, മെഡിക്കൽ ഓഫീസർ സിഎച്ച്സി |

| | | |
|---|---|---|
| 3-10 | 86000 | ശ്രീ മധുസൂദനൻഹെൽത്ത് ഇൻസ്‌പെക്ടർ |
| 3-11 | 147500 | ശ്രീ മധുസൂദനൻ, ഹെൽത്ത് ഇൻസ്‌പെക്ടർ |
| 3-17 | 1160000 | ശ്രീമതി. സ്മിത.ഇ ഐസിഡിഎസ് സൂപ്പർവൈസർ |
| 3-19 | 2899000 | ശ്രീമതി റസിയ , പ്രിൻസിപ്പാൾ ഗവ ഹയർ സെക്കന്ററി സ്കൂൾ |
| | 4943457 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 2-1, 2-2, 2-3, 2-5 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ധന്യ.സി ആർ മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ മുക്കം നഗരസഭ | സൗഭാഗ്യ ഹൗസ്, പ്രോവിഡൻസ് കോളേജിന് സമീപം മലാപ്പറമ്പ് കോഴിക്കോട് |
| ഡോ . ആലിക്കുട്ടി, മെഡിക്കൽ ഓഫീസർ സി.എച്ച്.സി | മെഡിക്കൽ ഓഫീസർ സി.എച്ച്.സി മുക്കം | എം.ഒ.ക്വാർട്ടേഴ്സ്, സി.എച്ച്.സി മുക്കം |
| ശ്രീ.സതീഷ്.എസ്, ജെഎച്ച്ഐ | ജെഎച്ച്ഐ | ആനന്ദഭവൻ കാരക്കാട് പി.ഒ., ആലപ്പുഴ |
| ശ്രീ മധുസൂദനൻ ഹെൽത്ത് ഇൻസ്‌പെക്ടർ | ഹെൽത്ത് ഇൻസ്‌പെക്ടർ Gr. I മുക്കം നഗരസഭ | തിരുവാതിര കുമ്മൂളിപ്പറമ്പ് കോട്ടപ്പറമ്പ് പി.ഒ, കോഴിക്കോട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി(പി3)209/10(12) തീയതി: 10.05.2011 | 10 | |
| 1997-98 | എൽ എഫ് കെ കെ ഡി(പി3) 832/13(7)തി 4.07.2013 | 4 | |
| 1998-99 | എൽ എഫ് കെ കെ ഡി(പി3) 209/10(14) തീയതി:10.05.2011 | 8 | |
| 1999-00 | എൽ എഫ് കെ കെ ഡി(പി3) 209/10(15) തീയതി:10.05.2011 | 24 | |
| 2000-01 | എൽ എഫ് കെ കെ ഡി(പി3) 209/10(16) തീയതി:10.05.2011 | 31 | |
| 2001-02 പദ്ധതി | എൽ എഫ് കെ കെ ഡി(പി3) 209/10(18) തീയതി:10.05.2011 | 13 | |
| 2001-02 | എൽ എഫ് കെ കെ ഡി(പി3) 209/10(17) തീയതി: 10.05.2011 | 9 | |
| 2002-03 | എൽ എഫ് കെ കെ ഡി(പി3) 209/10(19) തീയതി: 10.05.2011 | 17 | |
| 2003-04 | എൽ എഫ് കെ കെ ഡി(പി3) 209/10(20) തീയതി:10.05.2011 | 9 | |
| 2004-05 | എൽ എഫ് കെ കെ ഡി(പി3) 209/10(21) തീയതി:10.05.2011 | 19 | |
| 2005-06 | എൽ എഫ് കെ കെ ഡി(പി3) 209/10(22) തീയതി:10.05.2011 | 21 | |

| | | | |
|---|---|---|---|
| 2006-07 | എൽ എഫ് കെ കെ ഡി(പി3) 209/10 തീയതി: 10.05.2011 | 24 | |
| 2007-08 | എൽ എഫ് കെ കെ ഡി (പി3) 1293/10 തീയതി:23.12.2010 | 60 | |
| 2008-09 | എൽ എഫ് കെ കെ ഡി(പി3) 1100/12 തീയതി:27.07.2012 | 22 | |
| 2009-10 | എൽ എഫ് കെ കെ ഡി(പി3) 239/12 തീയതി:15.4.2013 | 13 | |
| 2010-11 | എൽ എഫ് കെ കെ ഡി (പി3) 238/13 തീയതി:13.8.2013 | 23 | |
| 2011-12 | എൽ എഫ് കെ കെ ഡി (പി9) 1156/2014 തീയതി:1.08.2014 | 20 | |
| 2012-13 | എൽ എഫ് കെ കെ ഡി(പി9)1828/2014 തീയതി:12.12.2014 | 12 | |
| 2013-14 | എൽ എഫ് കെ കെ ഡി (പി9) 1309/2015 തീയതി:19.09.2015 | 16 | |
| 2014-15 | കെ എസ് എ കെ കെ ഡി പി 9/1309/15 തി. 14.3.2016 | 44 | |
| 2015-16 (upto 31-10-15) | കെ എസ് എ കെ കെ ഡി പി 14/153/17 തി. 31.01.2017 | 14 | |
| 2015-16 (11/15 to 3/16) | കെ എസ് എ കെ കെ ഡി പി 14/754/17 തി. 31.01.2017 | 31 | |
| 2016-17 | കെ എസ് എ കെ കെ ഡി പി 14/1735/17 തി. 31.01.2017 | 35 | |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുക്കം മുനിസിപ്പാലിറ്റി/നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.